# ഭക്തിദീപിക

ഉള്ളൂർ

38728

# ഭക്തിദീപിക

അഥവാ

## ചാത്തന്റെ സൽഗതി

റാവുസാഹിബ്ബ്, മഹാകവി,

**ഉള്ളൂർ എസ്. പരമേശ്വരയ്യർ**

എം. ഏ., ബി. എൽ.

KOTTAYAM PUBLIC LIBRARY
KOTTAYAM.
ULLUR PUBLIC LIBRARY
TRIVANDRUM
JAGATHY

പകർപ്പവകാശം ഗ്രന്ഥകർത്താവിന്നു്.

ഒൻപതാംപതിപ്പ്-കാപ്പി 2000

122] [വില ക. 1.

ഗ്രന്ഥകർത്താവിന്റെ മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമാകുന്നു.

"ഭക്തിഃ കിം ന കരോത്യഹോ!
വനചരോ ഭക്താവതംസായതേ."

ശങ്കരഭഗവൽപാദർ—ശിവാനന്ദലഹരി.

KOTTAYAM PUBLIC LIBRARY KOTTAYAM 38728

# അവതാരിക

'ഭക്തിദീപിക'യിലെ ഇതിവൃത്തം മാധവാചാൎയ്യരുടേതെന്നു പറയുന്ന ശങ്കരവിജയത്തിൽനിന്നു സംഗ്രഹിച്ചിട്ടുള്ളതാകുന്നു. കഥാംശത്തിൽ മൂലഗ്രന്ഥത്തിൽനിന്നു വലിയ വ്യതിയാനമൊന്നും ഞാൻ വരുത്തീട്ടില്ല. സകലമനുഷ്യൎക്കും ഒന്നുപോലെ സഞ്ചരിക്കാവുന്ന ഒരു ഘണ്ടാപഥമാകുന്നു ഭക്തിമാൎഗ്ഗം എന്നുള്ളതു സനാതനധൎമ്മത്തിന്റെ മൌലികതത്വങ്ങളിൽ ഒന്നും, അതു ശ്രീമൽഭാഗവതത്തിൽ

"യന്നാമധേയശ്രവണാനുകീൎത്തനാ-
ദ്യൽപ്രഹ്വണാദ്യൽസ്മരണാദപി ക്വചിൽ
ശ്വാദോപി സദ്യസ്സവനായ കല്പതേ"

ഇത്യാദി പദ്യങ്ങളിൽ വിശദമായി പ്രതിപാദിക്കപ്പെട്ടിട്ടുള്ളതുമാകുന്നു. ഈ കാവ്യത്തിലെ വിവക്ഷയും പ്രാധാന്യേന അതല്ലാതെ മററൊന്നുമല്ല. ഇതിനു് ഒരു ചെറിയ ടിപ്പണി എഴുതിച്ചേൎത്തിട്ടുണ്ടെങ്കിലും, പദപ്രയോജനം, വ്യംഗ്യഭംഗി, ഇത്യാദിഭാഗങ്ങളെല്ലാം ഭാവുകന്മാർ അനുസന്ധാനദ്വാരാ മാത്രം ആസ്വാദിക്കേണ്ടതാകയാൽ ഇവയെ അതിൽ പ്രായേണ സ്പർശിച്ചിട്ടില്ല. ഒരു സഹൃദയനായ എന്റെ അനുജൻ ശ്രീമാൻ എസ്. കൃഷ്ണയ്യർ എം. എ, ബി. എല്ലിന്റെ സാഹായ്യം ഈ കൃതിക്കു പല പ്രകാരത്തിലും ഉണ്ടായിട്ടുണ്ടെന്നുള്ള വസ്തുതകൂടി ഇവിടെ സന്തോഷപുരസ്സരം രേഖപ്പെടുത്തിക്കൊള്ളുന്നു.

തിരുവനന്തപുരം<br>1108 മകരം 28

എസ്. പരമേശ്വരയ്യർ

# ഭക്തിദീപിക

അഥവാ

## ചാത്തന്റെ സൽഗതി.

---

### 1

ആദിശങ്കരാചാര്യസ്വാമിക്കു പിൻകാലത്തി-
ലാദിശിഷ്യനായ്ത്തീർന്നോരാശ്ചര്യവിദ്യാധനൻ,
ഭക്തിയാൽ പ്രസന്നയായ്പ്പാദത്തിൽ ഗങ്ഗാദേവി
പൊൽത്തണ്ടാർച്ചെരിപ്പിട്ട പുണ്യവാൻ സനന്ദനൻ,
ശ്രീശുകബ്രഹ്മർഷി പണ്ടേഴുനാൾപ്പരീക്ഷിത്തിൻ
പ്രാശനം നിർവ്വർത്തിച്ച പഞ്ചാരപ്പാൽപ്പായസം —

---

1. ശങ്കരാചാര്യൎക്കു സനന്ദനൻ, മണ്ഡനമിശ്രൻ (സുരേശ്വരൻ), ആനന്ദഗിരി (തോടകൻ), ഹസ്താമലകൻ, ഇങ്ങനെ നാലു പ്രധാന ശിഷ്യന്മാരുണ്ടായിരുന്നതിൽ ആദ്യത്തെ ശിഷ്യനാണു് സനന്ദനൻ. 'ശങ്കരസ്യ ഗുരോരാദൌ ശിഷ്യോ ജാതസ്സനന്ദനഃ' എന്നു സദാനന്ദയോഗി. ഒരിക്കൽ ശിഷ്യന്റെ ഗുരുഭക്തി പരീക്ഷിക്കുവാൻ ആചാര്യഭഗവാൻ ഗംഗയുടെ മറുകരയിൽ നിന്നുകൊണ്ടു് അദ്ദേഹത്തെ വിളിച്ചു എന്നും "സംസാരസമുദ്രത്തിന്റെ മറുകരയിൽ ഭക്തി എത്തിക്കുമെങ്കിൽ ഗംഗയുടെ മറുകരയിൽ എത്തിക്കാനാണോ അതിനു പ്രയാസം" എന്നു ചിന്തിച്ചു

—ആ മഹാപുരാണം—തൻശ്രോത്രത്താൽനുകർന്നപോൽ
കോമളക്കുട്ടിക്കളിപ്രായത്തിൽ കുറേദ്ദിനം;
അത്യന്തം സമാകൃഷ്ടനായിപോലതിൽപ്പെട്ടും
സപ്തമസ്കന്ധത്തിലെപ്രഹ്ലാദോപാഖ്യാനത്താൽ.
താരുണ്യോദയത്തിങ്കൽത്തന്മൂലമാശിച്ചുപോൽ
നാരസിംഹാകാരത്തിൽ ശാർങ്ഗിയെദ്ദർശിക്കുവാൻ.

---

കൊണ്ടു സനന്ദനൻ ആ പുഴയിലെടുത്തു ചാടി എന്നും, ആ ഭക്തിപ്രകർഷം കണ്ടു പ്രസന്നയായ ഗംഗാദേവി അദ്ദേഹത്തിന്റെ പാദങ്ങളെ പത്മങ്ങൾ വിടർത്തി അവയിൽ വഴിനീളെ വിനിവേശിപ്പിച്ചു എന്നും, അതിനാൽ അദ്ദേഹത്തിനു ഗുരു പത്മപാദനെന്ന ബിരുദനാമം നൽകി എന്നും ഐതിഹ്യം.

"പാദസംരക്ഷണേ തസ്യ
സാ പദ്മാനി പദേ പദേ
ഗംഗോദഞ്ചയതി സ്മാദ്ധാ
സന്തുഷ്ടാ ഗുരുഭക്തിതഃ.
പദം നിവേശ്യ പദ്മേഷു
ശ്രീഗുരോരന്തികേ യയൌ;
ദൃഷ്ട്വാശ്ലിഷ്യ ഗുരുസ്തസ്യ
പദ്മപാദാഭിധാം വ്യധാൽ." (സദാനന്ദൻ)

ഏഴു ദിവസംകൊണ്ടാണല്ലോ ശുകബ്രഹ്മർഷി പരീക്ഷിത്തിനു ശ്രീമൽ ഭാഗവതം ഉപദേശിച്ചതു്. പഞ്ചാരപ്പാൽപ്പായസംപോലെ മധുരമാണു് ആ പുരാണം. പ്രാശനം = ഭക്ഷണം. ശ്രോത്രത്താൽ നുകരുക = കേൾക്കുക. സമാകൃഷ്ടൻ = വഴിപോലെ ആകർഷിക്കപ്പെട്ടവൻ. ഉപാഖ്യാനം = പുരാതനകഥ. താരുണ്യോദയം = യൌവനത്തിന്റെ ആരംഭം. നാരസിംഹാകാരം = നരസിംഹത്തിന്റെ ആകൃതി. ശാർങ്ഗി = മഹാവിഷ്ണു.

൭

ആരുതാൻ പ്രബുദ്ധനായ്ത്തീരാത്തോൻ ജഗത്തിങ്കൽ
ഭാരതപ്രാതസ്സന്ധ്യാഭാനുമാൻ പ്രഹ്ളാദനാൽ?
ഭക്തിയാം കാശിന്നായിബ്ഭുക്തിയാം മദ്യം വില്ക്കും
വത്തകൻ ജഗൽപിതാവെന്നോപ്പാൻ ലജ്ജിച്ചവൻ;
ആൎത്തിപൂണ്ടൊററപ്രാണി ലോകത്തിൽ ശ്വസിപ്പോളം
പേൎത്തും താൻ മോക്ഷേച്ഛുവല്ലെന്നോതാൻ മുതിന്നവൻ;

---

൧. പ്രബുദ്ധൻ നല്ലപോലെ ഉണൎന്നവൻ. ഭാരതത്തിൻെറ പുലർകാലത്തിലുദിച്ച സൂൎയ്യൻ;—അതിപ്രാചീനനായ തത്വോപദേശകൻ എന്നു താൽപൎയ്യം. ഭക്തികൊണ്ടു മദിപ്പിക്കുന്ന ഭോഗം വാങ്ങുക—ലോകപിതാവു് അത്തരത്തിൽ സ്വപുത്രന്മാരെ മദ്യപിപ്പിക്കുന്ന ഒരു കച്ചവടക്കാരനല്ല.

"യസ്ത ആശിഷ ആശാസ്തേ
ന സഭൃത്യസ്സവൈ വണിക്"

എന്ന ശ്രീമൽഭാഗവതത്തിലേ പ്രഹ്ളാദവാക്യം നോക്കുക. പരോപകാരമാണു് മനുഷ്യധൎമ്മമെന്നു പ്രഹ്ളാദൻ ധരിപ്പിച്ചു:

"പ്രായേണ ദേവ! മുനയസ്സ്വവിമുക്തികാമാ-
മൌനം ചരന്തി വിജനേ ന പരാൎത്ഥനിഷ്ഠാഃ;
നൈതാൻ വിഹായ കൃപണാൻ വിമുമുക്ഷ ഏകഃ"

അച്ഛനും മുത്തച്ഛനും സഞ്ചരിച്ചതാം മാൎഗ്ഗ-
മച്ഛമല്ലെന്നാൽ വിടാൻ മാമൂലാൽ മടിക്കാത്തോൻ;
ഭീതിയാം പിശാചിക്കു തീണ്ടുവാൻ സാധിക്കാത്തോൻ;
ചോദനയ്ക്കന്തൎയ്യാമിമാത്രമായ് ഉജ്ജീവിച്ചവൻ;—
ശ്രേഷ്ഠനാമബ്ബാലനെബ് ഭാരതീയരാം നമ്മൾ
ജ്യേഷ്ഠനെന്നോൎമ്മിച്ചാവൂ ശ്രേയസ്സിന്നാശിക്കുകിൽ.

---

എന്നാണ് അദ്ദേഹം ഭഗവാനെ അറിയിച്ചതു്. അച്ഛൻ ഹിരണ്യകശിപു. മുത്തച്ഛൻ ഹിരണ്യാക്ഷൻ. ശ്രീമൽഭാഗവതത്തിൽ ഹിരണ്യാക്ഷനെ ഹിരണ്യകശിപുവിൻെറ ജ്യേഷ്ഠനായാണ് പ്രതിപാദിച്ചിരിക്കുന്നതെങ്കിലും, മററു ചില ഗ്രന്ഥങ്ങളിൽ പിതാവായി വൎണ്ണിച്ചിരിക്കുന്നു.

'ഹതേ മഹാവരാഹേണ
ഹിരണ്യാക്ഷേ ക്ഷിതിദ്രുഹി
ഹിരണ്യകശിപുശ് ശ്രീമാ-
നഭവത്തത്സുതോധികഃ' എന്നു ക്ഷേമേന്ദ്രൻ.

'അവശ്യം പിതുരാചാരം' എന്ന പ്രമാണം മുറുകെ പിടിച്ചു കൊണ്ടു പ്രഹ്ളാദൻ ആസുരമായ ആ മാൎഗ്ഗത്തിൽതന്നെ സഞ്ചരിച്ചില്ല എന്നു സാരം. അച്ഛം=ശുദ്ധം. അദ്ദേഹം നിർഭയനായിരുന്നു. ചോദന =ആജ്ഞ. അന്തര്യാമി=അന്തരംഗത്തിൽ ഇരുന്നുകൊണ്ടു ജീവികളെ നിയന്ത്രണംചെയ്യുന്ന പരമാത്മാവു്. ഭാരതീയരായ നമുക്കു മാർഗ്ഗദർശി ഭാരതത്തിൻെറ കൌമാരകാലത്തിൽ അവതരിച്ച ആ ശ്രേഷ്ഠനായ ബാലൻ—നമ്മുടെ മൂത്ത ജ്യേഷ്ഠൻ—ആകുന്നു.

3

ചാലവേ സനന്ദനൻ തന്മനോരഥം നേടാൻ
ചോളദേശാന്തഃസ്ഥമാമാരണ്യമൊന്നിൽപ്പുക്കാൻ.
ചീർവാസസ്സായ്, ജടാധാരിയായ്, വെയിലും മഞ്ഞും
മാരിയും സഹിച്ചു, മെയ് പർണ്ണാംബുക്കളാൽപ്പോററി,
ഏറെനാൾ തപസ്സുചെയ്തുകാട്ടിൽ വാണാൻ വിപ്രൻ
തീരെത്തന്നാശാവല്ലി മൊട്ടിടാൻ തുടങ്ങാതേ.
എങ്ങകം പാർപ്പെടാൻ നാൾ നീങ്ങേണ്ടൊരബ് ഭവ്യ-
നെങ്ങജത്രിനേത്രർക്കും മൃഗ്യനാം വിശ്വംഭരൻ?
പാലാഴി ചാരത്തെങ്ങു, ല്ലതിൻ നടുക്കെത്താൻ
മേലോർക്കും യഥേച്ഛ,മൊട്ടെത്തിടാമെന്നാൽപ്പോലും
ആയിരം ഫണം വിരിച്ചാടിടും പാമ്പിൽത്തങ്ങും
മായിതൻ പള്ളിക്കുറുപ്പാക്കുതാൻ ഭഞ്ജിക്കാവൂ?

---

3. ചാലവേ=നേരിട്ട്. ചോളദേശമായിരുന്നു സനന്ദനന്റെ ജന്മഭൂമി. 'ഗുരോ മമ ഗൃഹം ഖലു ചോളദേശേ' എന്നു വിദ്യാരണ്യൻ. പത്മപാദാചാര്യർ വെട്ടത്തുനാട്ടിൽ തൃക്കണ്ടിയൂർ ക്ഷേത്രത്തിനടുത്തുള്ള ഒരില്ലത്തുജനിച്ച നമ്പൂതിരിയായിരുന്നു എന്നും വിഷ്ണുശർമ്മാവെന്നായിരുന്നു പേരെന്നും, വേമഞ്ഞേ നരസിംഹമൂർത്തിയെയായിരുന്നു ജപിച്ചതെന്നും തൃശ്ശൂർ തെക്കേമഠം സ്വാമിയാരുടെ ഗ്രന്ഥപ്പുരയിലുള്ള പത്മപാദചരിതം എന്ന കാവ്യത്തിൽ കാണുന്ന പ്രസ്താവനകൾ, ചിന്ത്യങ്ങളാണെന്നു പറയണം. ചീരവാസസ്സ്=മരവുരിയാകുന്ന വസ്ത്രത്തോടുകൂടിയവൻ. പർണ്ണാംബുക്കൾ=ഇലയും വെള്ളവും. ആശ=ഫലവത്താകുന്ന ലക്ഷണം അശേഷം കാണാതെ. ഭവ്യൻ=നല്ലവൻ (കേമനെന്നഭിമാനിക്കുന്ന എന്നൊരർത്ഥവും മലയാളത്തിലുണ്ട്.) അജത്രിനേത്രർ ബ്രഹ്മാവും മുക്കണ്ണനും ശിവൻ). മൃഗ്യൻ=തിരയേണ്ടവൻ. വിശ്വംഭരൻ=മഹാവിഷ്ണു. വളരെ ക്ലേശിച്ചു വേണം മായയുള്ള മഹാവിഷ്ണുവിനെ പ്രത്യക്ഷീകരിക്കുവാൻ എന്നു സാരം. പള്ളിക്കുറുപ്പ്=നിദ്ര.

4

കാമക്രോധാവിഷ്ടനല്ലപ്പുമാൻ,യമാദിയാം
സാമഗ്രി സമ്പാദിച്ചോൻ, സല്ലക്ഷ്യൻ, സൽപ്രസ്ഥാനൻ;
എങ്കിലും വിദ്യാമദം വായ്ക്കുകൊണ്ടവന്നല്പം
പങ്കിലം ഹൃൽകന്ദരം, മാത്സര്യമോഹഗ്രസ്തം.
ഓർത്തുപോമസ്സാധു: "എൻ സ്വാമിക്കിശ്രമം വേണ്ടാ-
ദൈത്യൻതൻ സദസ്സിൽ ,ഞാനന്നൊരാളിരിക്കുകിൽ.
കേവലം ശിശുപ്രായൻ പ്രഹ്ലാദനാകുന്നതോ
ദേവൻതൻ പാരമ്യത്തെ വാദത്താൽ സ്ഥാപിക്കുവാൻ?
ആകട്ടെ, ഞാനിച്ചര്യക്കപ്പുറം നാട്ടിൽച്ചെന്നു
ലോകത്തിൻ തമസ്തോമം ധ്വംസിക്കാമെൻസൂക്തിയാൽ."
നോക്കുന്നുണ്ടധോക്ഷജൻ നൂനമജ്ജല്പാകനെ-
പ്പാൽക്കടൽത്തിരക്കോളും തൻ പുഞ്ചിരിച്ചാർത്താലേററി.

---

4. കാമത്താലും ക്രോധത്താലും ആവേശിക്കപ്പെട്ടവൻ. ഇവയെ ബാധകളായി സങ്കല്പിച്ചിരിക്കുന്നു. യമനിയമാദിയോഗാഭ്യസനത്തിനുള്ള സാമഗ്രികൾ = അഹിംസ, സത്യവചനം, ബ്രഹ്മചര്യം മുതലായവ. അദ്ദേഹത്തിന്റെ ലക്ഷ്യവും പ്രസ്ഥാനവും നല്ലതാണ്. പങ്കിലം=അഴുക്കുള്ളത്. കന്ദരം ഗുഹ. മാത്സര്യത്താലും മോഹത്താലും ഗ്രസിക്കപ്പെട്ടത്. സാധു അനുകമ്പനീയൻ. എൻസ്വാമി മഹാവിഷ്ണു. താൻ അക്കാലത്തു ജീവിച്ചിരുന്നു എങ്കിൽ ഹിരണ്യകശിപുവിനെ വാദം കൊണ്ടു തന്നെ മടക്കാമായിരുന്നു എന്നും നരസിംഹാവതാരത്തിന്റെ ആവശ്യം നേരിടുകയില്ലെന്നും. ആ ദൈത്യൻ ഹിരണ്യകശിപു. പാരമ്യം സർവോൽകൃഷ്ടത. ഇച്ചര്യ ഈ തപസ്സാകുന്ന നിയമം. തമസ്തോമം=അജ്ഞാനക്കൂമ്പാരം. അധോക്ഷജൻ മഹാവിഷ്ണു. ജല്പാകൻ വിടുവായൻ. തന്റെ പുഞ്ചിരിച്ചാർത്താൽ പാൽക്കടലിന്റെ തിരക്കോളും വർദ്ധിപ്പിക്കുന്നു.

5

ഓക്കുമദ്വിജൻ വീണ്ടും: "അന്നു സിംഹമെൻമുന്നിൽ
വായ്ക്കിൽ ഞാൻ വാങ്ങും വാദിവാരണധ്വംസം വരം;
സ്വച്ഛന്ദം പിന്നെച്ചെന്നെൻ മേധതൻ ബലത്തിനാൽ
ദിഗ്ജയം ചെയ്യും; വിദ്വച്ചക്രവർത്തിയായ് ത്തീരും;
വാരൊളിപ്പുത്തൻപുകൾപ്പട്ടിനാൽപ്പുതപ്പിക്കും
പാരിടപ്പൂമേനിയെൻ വൈഖരീഗംഗാധുരി.

ധന്യൻ ഞാനനന്തരം നവ്യയൌവനം മെത്തു-
മെൻ യശഃകായം കാണുമെന്നെന്നും സ്വർഗ്ഗസ്ഥനായ്."
ആദിവൈദ്യനെത്തേടിപ്പോകയാണക്കീർത്ത്യർത്ഥി-
യാത്മഹത്യയ്ക്കുള്ളൊരു പാരദം വാങ്ങിക്കുവാൻ!

കാണുന്നുണ്ടക്കാഴ്ചയും കാർവർണ്ണൻ മഹാമായ
നാണിക്കുംമട്ടിൽത്തെല്ലു ചില്ലിക്കോൺവളിപ്പേന്തി!!,

---

5. വാദികളാകുന്ന വാരണങ്ങളുടെ (ആനകളുടെ) ധ്വംസമാകുന്ന വരം. മേധ=ധാരണാവതിയായ ബുദ്ധി. വൈഖരി=വാക്ക്. എന്റെ വാക്കാകുന്ന ഗംഗയുടെ പ്രവാഹം പാരിടത്തിന്റെ ശരീരത്തെ പുത്തൻ പുകൾപട്ടുകൾ കൊണ്ടു പുതപ്പിക്കും; ലോകത്തിന് എന്നാൽ നവീനമായ യശസ്സുണ്ടാകുമെന്നു താൽപര്യം. കീർത്തിയുള്ള കാലത്തോളം സ്വർഗ്ഗവാസമുണ്ടെന്നു ശ്രുതി. ആദിവൈദ്യൻ=ധന്വന്തരി മൂർത്തിയായവതരിച്ച മഹാവിഷ്ണു. പാരദം കുടിച്ചു ചാകുന്നതിനുള്ള രസം-വാങ്ങുന്നതിനാണ് ആ യശഃകാംക്ഷി ആദിവൈദ്യനെത്തേടിച്ചെല്ലുന്നതു; ഭവരോഗശാന്തിക്കല്ല. കീർത്തിസമ്പാദിച്ചു സ്വർഗ്ഗത്തിൽ ജീവിക്കുവാൻ ഇച്ഛിക്കുന്നതു മോക്ഷത്തിനു വിഘാതമെന്നു ഭാവം. മഹാമായയെ "നീ അങ്ങനെയുള്ള മഹാന്മാരേയും മോഹിപ്പിക്കുന്നുവല്ലോ" എന്നു സ്വല്പം കടുത്തു ഭഗവാൻ ഒന്നു നോക്കുന്നു. അവിടത്തെ ദയാർദ്രതയ്ക്ക് ഒരു ദൃഷ്ടാന്തം.

6

ആ ഭദ്രാസനസ്ഥനാം ദൈത്യേന്ദ്രൻ ഹിരണ്യാഖ്യൻ
വായ്പുറ്റോരനാത്മീയശക്തിതന്നയശ്ശൈത്യം;
ചാരവേ കിശോരനാം പ്രഹ്ളാദൻ മഹാധീരൻ
ഘോരനാം പിതാവിന്നു ധർമ്മോപദേശം ചെയ്‌വോൻ;
കാറിനും നീർത്തുള്ളിക്കും മദ്ധ്യത്തിൽത്തൂമിന്നലിൻ
നേരെഴും കയാധൂവംബ, ഭീതിയാൽ വിറച്ചവൾ;
തെല്ലകന്നൊരറ്റത്തു ജീവനോടാമന്ത്രണം
ചൊല്ലിടും ശണ്ഡാമർക്കർ ശിഷ്യനാൽപ്പരാജിതർ;

---

6. ഭദ്രാസനം=രാജപീഠം. അനാത്മീയം=കേവലം ഭൌതികം. ഇവിടെ ഹിരണ്യകശിപുവിനെ കാറായും പ്രഹ്ളാദനെ അതിൽ നിന്നു ജനിക്കുന്ന ശുഭ്രവും ശീതളവുമായ ജലബിന്ദുവായും ഉല്ലേഖനം ചെയ്യുന്നു. അയശ്ശൈത്യം=ഇരിമ്പുകൊണ്ടുതീർത്ത ദേവതാക്ഷേത്രം. അവർക്കിടയിൽ മിന്നൽ (ചഞ്ചലയാണല്ലോ മിന്നൽ) പോലെ വിറച്ചുകൊണ്ടു് സൌവർണ്ണഗാത്രിയായ കയാധൂദേവി നിൽക്കുന്നു. ഒന്നുകിൽ ക്രുദ്ധനായ തന്റെ ഭർത്താവു പ്രിയപുത്രനെ കൊല്ലും; അല്ലെങ്കിൽ പുത്രൻ ഭജിക്കുന്ന മഹാവിഷ്ണു തന്റെ ഭർത്താവിന്റെ കഥകഴിക്കും; രണ്ടും തനിക്കു് അഹിതവുമാണു്. ആമന്ത്രണം ചെയ്യുക=യാത്ര പറയുക. ശണ്ഡാമർക്കർ ശുക്രാചാര്യരുടെ പുത്രരായ ശണ്ഡനും മർക്കനും. അവരെയാണു് അസുരരാജാവു പുത്രനെ 'ഹിരണ്യായനമഃ' എന്നു പഠിപ്പിക്കുവാൻ നിയമിച്ചിരുന്നതു്.

"പൌരോഹിത്യായ ഭഗവാൻ
വൃതഃ കാവ്യഃ കിലാസുരൈഃ
ശണ്ഡാമർക്കൌ സുതൌ തസ്യ
ദൈത്യരാജഗൃഹാന്തികേ"

ഇത്യാദി ശ്രീമൽഭാഗവതവാക്യം. അവർ കഴിയുന്നതും നോക്കി; അവരുടെ പണി പ്രഹ്ളാദനോടു പറ്റിയില്ല. അവർ തങ്ങളെ ഹിരണ്യ

വാളുലച്ചുജ്ജാറായി സ്വാമിതൻ കൺകോൺനോക്കി
നീളവേ ചുററും നില്ക്കും ദൈതേയർ സംഖ്യാതീതർ;—
ഇത്തരം സദസ്സൊന്നു ഭൈരവം, സുദുഷ്പ്രേക്ഷ്യം,
ചിത്തത്തിൽ കാ[illegible]ം ദ്വിജൻ ഗാഢമാം സമാധിയിൽ.

7

"എങ്ങെടാ! കാണട്ടെ, ഞാൻ കാണട്ടെ നിൻദൈവത്തെ-
യെൻകട്ടുംബൈകദ്രോഹിയാകുമപ്പാഴ്ക്കീടത്തെ.
ഇപ്പൊഴിക്കൽത്തൂണിലുണ്ടെങ്കിലിങ്ങിറങ്ങട്ടെ-
യപ്പരബ്രഹ്മമപ്രഖ്യ കൈക്കൊള്ളും നാപുംസകം!"
എന്നുരച്ചീറക്കലിക്കോമരം തുള്ളുംപാപി
കണ്ണിണക്കനൽക്കണപ്പേമാരിവാരിത്തൂകി

---

കശിപു ഉടൻ വധിക്കുമെന്നു തീച്ചയാക്കി ജീവനോടു യാത്ര പറയുന്നു. സംഖ്യാതീതർ=അസംഖ്യർ. ഭൈരവം=ഭയങ്കരം. സുദുഷ്പ്രേക്ഷ്യം=അശേഷം നോക്കുവാൻ പാടില്ലാത്തതു്. അത്രയ്ക്കു ഭയപ്രദമെന്നു ഭാവം.

7. കീടം=പുഴു. കൽത്തൂൺ=രത്നസ്തംഭം. "യോയം മരകതസ്തംഭസ്സോയം മേ പുരഃസ്ഥിതഃ" എന്നു ക്ഷേമേന്ദ്രൻ. പരബ്രഹ്മമപ്രഖ്യ=പരബ്രഹ്മമെന്നുള്ള കീർത്തി. പരബ്രഹ്മം ആണുംപെണ്ണുമല്ലല്ലൊ. ഈററ=ക്രോ

ഭ്രൂകുടിപ്പോർവില്‍ വളച്ചാഞ്ഞു മപ്പടിച്ചാര്‍ത്തു
വേഗത്തില്‍പ്പാഞ്ഞത്തൂണില്‍ മത്തഹസ്തിയെപ്പോലെ
കാല്‍ച്ചവിട്ടേല്പിപ്പതൊട്ടീക്ഷിക്കും വിപ്രന്‍; പിന്നെ
വാച്ചിടും മഹോഗ്രമാം സിംഹനാദവും കേള്‍ക്കും;—
ഞെട്ടിപ്പോം തെല്ലൊന്നുടന്‍; മേഘഗര്‍ജ്ജനം മാത്രം
പെട്ടിടും പിന്നീടതിന്‍ മാറ്റൊലിക്കൊപ്പം കാതില്‍.

3

ആക്കണ്ണും കനല്‍ക്കട്ടയ്ക്കൊപ്പമായ്ജ്ജ്വലിച്ചുക,-
ണ്ണാക്കൊലക്കട്ടാരിനാ, ക്കാച്ചുളുക്കാളുംഗളം;
ആച്ചലന്മദോഗ്രഭ്രൂ,വാത്തിങ്കള്‍പ്പൊളിദംഷ്ട്ര-
യാസ്സടാഘടാകല്പഭീമമാമാസ്യച്ഛിദ്രം;

---

൩. മത്തഹസ്തി മദംപൊട്ടിയ ആന. സമാധി ഭഗ്നമായതിന്മേല്‍ ആ സിംഹനാദത്തിന്റെ പ്രതിധ്വനിപോലെ ഏതോ ഇടിനാദം മാത്രമേ ആ യോഗിക്കു കേള്‍ക്കുവാന്‍ സാധിച്ചുള്ളു.

൪. ഇളകുന്നതും മദംകൊണ്ടു ഭയങ്കരവുമായ പുരികം. സടയുടെ കൂട്ടമാകുന്ന (ആകല്പം) അലങ്കാരംകൊണ്ടു ഭയങ്കരമായ (വദന) ച്ഛിദ്രം, ഗുഹ. (കൃതാന്തന്റെ) കാലന്റെ (അസൃക്) രക്തപാനത്തിനുള്ള (രൂപ്യം) വെള്ളിപ്പാത്രമാകുന്ന നഖം. അകത്തുള്ള ക്രോധാഗ്നിയുടെ വിജൃംഭണമാണോ ആ ശരീരമെന്നു തോന്നും. കഴുത്തിന്മേല്‍ സിം

ആക്രൂരത്ത വൈരക്കമ്പിക്കൊത്തു നീണ്ടെഴും രോമ,-
മാക്കൃതാന്താസൃക്പാനതൃപ്യൽപാത്രമാം നഖം;—
ആയിരക്കോടിക്കണക്കർക്കർ ചേർന്നുദിച്ചോര-
ക്കായം—ഉഗ്രക്രോധത്തിതൻ മൂർത്തമാം വിജൃംഭണം—
ആകണ്ഠം സിംഹാകാര മപ്പുറം നരാകാരം,
ഭീകരം—രോമാഞ്ചദം—മൂർച്ഛനം—സന്ദാഹകം—
ആർക്കുതാൻ നോക്കാം ഹരേ! താദൃശം ഭവദ്രൂപ-
മാക്കുമാരനാമങ്ങേ പ്രഹ്ലാദനേകനെന്ന്യേ?”

9

ആക്കൽത്തൂൺ രണ്ടായ്പ്പിളർന്നൊത്തൊററച്ചാട്ടംകൊണ്ടു
മൂർഖനാം ഹിരണ്യന്റെ മൂർദ്ധാവിൽക്കുതിച്ചേറി,
കെട്ടിയൊന്നമർത്തിയെല്ലത്രയും ഞെരിച്ചുട-
മഷ്ടിചെയ്തല്പാല്പമായ് ഭംഷ്ടപ്പല്ലാതതാതെത്തൃന്നി.

---

ഹത്തിന്റെ ആകൃതി. ഭയംകൊണ്ടു രോമാഞ്ചം. നോക്കിയാൽ ഒടുവിൽ മൂർച്ഛിപ്പിക്കും; ദഹിപ്പിക്കും; ഈ ഗുണങ്ങളും അതിനുണ്ടു്. താദൃശം = അത്തരത്തിലുള്ളതു്. ഭവദ്രൂപം = അങ്ങയുടെ രൂപം.

9. ശത്രുവിന്റെ രക്തത്തിൽ കുളിക്കുക എന്നു വിജയികളായ രാജാക്കന്മാർക്കു പണ്ടൊരേർപ്പാടുണ്ടായിരുന്നു. അതിനെയാണു്

മാറിടം നഖങ്ങളാൽ ന്തുരക്രൂരായിക്കീറി,–
ധാരധാരയായ്ച്ചാട്ടും ചോരനീർ കുടിച്ചാടി
വീരനീരാട്ടാ,ന്നണിപ്പോർവെററിപ്പൂമാലയായ്
വൈരിതന്നാന്ത്രം ചൂടി, ച്ചുഞ്ചുവപ്പൂഴിക്കറെറി,
ക്രോധത്തീ കെടായ്കയാൽ പിന്നെയും രോദഃകർണ്ണം
ഭേദിക്കും ഘോരോൽക്രോശം കൈവളത്തസ്മൽപ്രഭു
താനും തൻ ഭക്താഗ്ര്യനും മാത്രമായ് ശേഷിച്ചോരാ–
സ്ഥാനത്തിൽ പ്രവേശിപ്പാനന്യനാരൊരാളർഹൻ?

൦

കണ്ടിട്ടും ദ്വിജൻ ചുററും ഭീതിയാൽ പിന്നോട്ടേയ്ക്കു
മണ്ടിട്ടും നാൽക്കൊമ്പനാൽ മ്ലാനനാം മഹേന്ദ്രനെ;

---

വീരനീരാട്ട് എന്നു പറയുന്നതു്. പോർവെററി യുദ്ധത്തിൽ വിജയം. രോദഃ കർണ്ണം=ഭൂമിയുടേയും ആകാശത്തിൻെറയും ചെവി. ഉൽക്രോശം=ഉച്ചത്തിലുള്ള നാദം; അസ്മൽപ്രഭു=ഞങ്ങളുടെ പ്രഭു,മഹാവിഷ്ണു.ഭക്താഗ്ര്യൻ=പ്രഹ്ലാദൻ. 'ഗതസ്ത്വാദ്ഭക്താനാം വരദ! പരമോദാഹരണതാം'എന്നു നാരായണീയത്തിൽ ഭട്ടതിരി.പരമഭാഗവതന്മാരിൽ പ്രഹ്ളാദനാകുന്നു അഗ്ര്യസ്ഥാനം.

൧൦. (മഹേന്ദ്രൻ) ദേവേന്ദ്രനു ഭഗവാനെ കാണ്മാൻ ഔൽസുക്യം; സിംഹത്തെക്കണ്ടു് അദ്ദേഹത്തിൻെറ വാഹനമായ ഐരാവതം പിന്നോട്ടേയ്ക്കുപായുന്നു. തൻെറ പുത്രനായ (ഗണപതി) ഗജമുഖൻ

സംഭ്രമിച്ചങ്ങിങ്ങോടും സാധുവാം ഗജാസ്യനെ-
ത്തൻഭുജം രണ്ടും നീട്ടിത്താങ്ങീടും ഗിരീശനെ;
ആങ്ങിടയ്ക്കെങ്ങോ പാഞ്ഞമാൻകിടാവിനെത്തേടി-
യെങ്ങുമേ കാണായ്കയാൽ ഖിന്നനാം മൃഗാങ്കനെ;
'പോ,മുന്നോട്ടെത്തട്ടെ ഞാൻ വേഗ'മെന്നോതിത്തുണ്ഡാൽ
പോത്തിനെത്താഡിക്കുന്ന ദീനനാം കൃതാന്തനെ;
പേരിനാൽപ്പോലും വരാം ജീവാപായമെന്നോർത്തു
ദൂരെപ്പുക്കൊളിച്ചിട്ടും ക്ഷുദ്രമാമൃക്ഷൌഘത്തെ;—
കാണാതെയൊന്നേയുള്ളൂ—ദാനവസ്തംബേരമ-
പ്രാണാന്തപ്രദാനോൽകമാകുമന്ന്യസിംഹത്തെ.

---

സിംഹത്തെക്കണ്ടു സംഭ്രമിച്ച് അങ്ങിങ്ങോടുമ്പോൾ ശ്രീ പരമേശ്വരൻ
താങ്ങുന്നു. അതിനിടയ്ക്ക് ചന്ദ്രൻ തന്റെ മടിയിൽവച്ചിരുന്ന മാൻ എ
വിടെയോ ഓടിപ്പോകുന്നു. മരിക്കുന്നഹിരണ്യകശിപുവിനെ യമലോക
ത്തു കൊണ്ടുപോകണമെങ്കിൽ താൻ താമസിക്കരുതല്ലോ എന്നുവച്ചു കാ
ലൻ വെമ്പുന്നു. പണ്ടേതന്നെ പതുക്കെപ്പോകുന്ന പോത്ത് സിംഹത്തെ
ക്കാണുക നിമിത്തം മുന്നോട്ടു നീങ്ങുന്നേയില്ല. ക്ഷുദ്രം=നിസ്സാരം. ഋ
ക്ഷൌഘം=നക്ഷത്രസംഘം ഋക്ഷങ്ങൾ (കരടികൾ എന്നാ)എന്നു തങ്ങ
ൾക്ക് പേരുള്ളതുകൊണ്ടു സിംഹം തങ്ങളെ കൊല്ലുമോ എന്നുള്ള ഭയം
നിമിത്തം നക്ഷത്രങ്ങൾ ഓടി ഒളിക്കുന്നു. ആകെക്കൂടി ഒരു 'പൊരളി;
എന്നാൽ അസുരനാകുന്ന (സ്തംബേരമം) ആനയ്ക്കു (പ്രാണാന്തം)മരണം
നൽകുന്നതിനു (ഉൽകം) ഉൽസുകമായ നരസിംഹത്തെ മാത്രം യമൻ
കാണുന്നില്ല.

11

ആവതും യുവാവിന്നിട്ടാവിദൂരമാം ലാക്കി-
ലാവനാഴിയിൽത്തങ്ങളമ്പെല്ലാം പിഴച്ചെയ്യും.
നിത്യവും ചിത്രംവരച്ചൊക്കാഞ്ഞു മാഴ്കൂ ;വീണ്ടും
വർത്തികക്കോൾകൊണ്ടോരോ വർണ്ണകം താളിൽത്തേയ്ക്കും.
ചിന്തോർമ്മിക്ഷീബവ്രജം ചിത്താബ്ധിശ്ശുണ്ഡയ്ക്കുള്ളിൽ,
പ്പൊന്തിടും; ഗർജ്ജിച്ചങ്ങമാക്രോശിച്ചുടൻവീഴും.
ആയതില്ലല്ലോ കാലമങ്ങേയ്ക്കു ദ്വിജശ്രേഷ്ഠ!
മായതൻ ജാലംവിട്ടു മാനത്തിൽപ്പറക്കുവാൻ.
ചാരമാകണം വെന്തു ഗർവക്കാ;ട്ടുറച്ചില്ലിന-
ച്ചാരത്തിൻ തേയ്പാൽവേണം തന്മലം നശിക്കുവാൻ.
അങ്ങേയ്ക്കുക്കണ്ണാടിയിൽ ദൃശ്യനാമുടൻതന്നെ-
യങ്ങയാലതേവരെച്ഛന്നനാമന്തര്യാമി.

---

17. വർത്തികക്കോൽ= ചിത്രകൃത്തിന്റെ തൂലിക. വർണ്ണക=ചായം ചിന്തകളാകുന്ന (തിരകളാകുന്ന) ക്ഷീബവ്രജം കള്ളുകുടിയന്മാരുടെ കൂട്ടം; മനസ്സാകുന്ന സമുദ്രമാകുന്ന ചാരായഷാപ്പിൽ ഗർജ്ജനത്തോടുകൂടി പൊങ്ങുകയും ഉടൻതന്നെ ആക്രോശത്തോടുകൂടി ഉരുണ്ടു താഴെ വീഴുകയും ചെയ്യും. ശൈഥത്തോടുകൂടി തുടങ്ങുന്ന ചിന്തകൾ അടുത്ത നിമിഷത്തിൽ ശൈഥില്യം പ്രാപിക്കുകയാൽ സമാധി ഉറയ്ക്കുന്നില്ല എന്നു സാരം. ദ്വിജശ്രേഷ്ഠൻ ബ്രാഹ്മണവര്യനെന്നും പക്ഷിശ്രേഷ്ഠനെന്നും. ജാലം ഇന്ദ്രജാലമെന്നും വലയെന്നും. ഉറച്ചില്ല് ഹൃദയമാകുന്ന കണ്ണാടി. തന്മലം അതിന്റെ അഴുക്ക്. ദൃശ്യൻ കാണപ്പെടാവുന്നവൻ. ഛന്നൻ=മറഞ്ഞവൻ.



12

ആത്തപോവനത്തിങ്കൽപ്പാർപ്പുണ്ടൊരേടത്തു
"ചാത്ത"നെന്നോതീടുന്ന കാട്ടാളക്കിടാത്തനം.
ശ്രീയവൻ തന്മേനിമേലെത്തിനോക്കീട്ടില്ലേതും; "ഹരിഃ
ശ്രീ"യക്ഷരങ്ങളവനിക്കൊന്നൊട്ടെത്തിയും നോക്കീട്ടില്ല;
എങ്കിലെന്തവൻ ധന്യൻ, ദൈവത്തിൻ കാരുണ്യത്താൽ
പങ്കത്തിൻ നിധാനമാം പട്ടണം കാണാത്തവൻ.
നാട്ടിലേക്കൊടൊക്കെയും നാട്ടാർതൻ ഹൃത്തിൽത്തങ്ങി-
ക്കൂട്ടമായ്ക്കാമാദിയാം ശ്വാപദം പുലരുന്നു.
വ്യാധനാമവൻതന്റെ ചിത്തമോ നിഷ്കല്മഷം,
ശീതളം, കാട്ടിൽപ്പായുമാറ്റിലെജ്ജലം പോലെ.
വാനത്തിന്നകത്തുള്ള നക്ഷത്രം താനക്കൊമ്പ-
നാനതൻ കുംഭത്തിങ്കൽ മിന്നിടും മുക്താഫലം.

---

12. അവനു ശരീരകാന്തിയോ വിദ്യാഭ്യാസമോ ഉണ്ടായിട്ടില്ല. പങ്കം=പാപം. നിധാനം=കലവറ. നാട്ടുകാരുടെ ഹൃദയമാകുന്ന നാട്ടിൻപുറത്തെ കാട്ടു് കാമം തുടങ്ങിയുള്ള (ശ്വാപദം) ദുഷ്ടമൃഗങ്ങൾ പുലരുന്നു. കുംഭം=ആനയുടെ മസ്തകം. അദ്ദേഹത്തിന്റെ ഹൃദയത്തിന്റെ ശുദ്ധിയെ കൊമ്പനാനയുടെ മസ്തകത്തിനകത്തുള്ള മുത്തെന്നല്ല, വാനിലുള്ള നക്ഷത്രമെന്നുപോലും പറയേണ്ടതാണു്.

13

നോക്കിനാൻ വനേചരൻ ദൂരെനിന്നമ്മട്ടിൽത്തൻ
മാർഗ്ഗത്തിൽത്തപംചെയ്യും വിപ്രനെസ്സകൌതുകം.
വിസ്മയാകാരം നേടീ കൌതുകം ക്രമത്തിങ്കൽ;
വിസ്മയം വിശ്വാസമായ്; വിശ്വാസം സമ്പ്രീതിയായ്;
സമ്പ്രീതി ഭക്ത്യാദരസ്നേഹരൂപമായ് മാറീ:
മുമ്പിൽച്ചെന്നവൻകൂടി മുന്യംഘ്രിപത്മംകൂപ്പാൻ.
കാകനിക്കിഴങ്ങിനം കാഷ്ഠവല്ക്കലം നീങ്ങി
മൂകനായ്ക്കൈകെട്ടി നിന്നാജ്ഞയെക്കാക്കും നിത്യം;
ഓതുകില്ലൊരക്ഷരം താപസൻ; കടാക്ഷമാം
വേതനം പോലും വേണ്ട വേലയ്ക്കന്നിഷാദനും.
"നീയാ"രെന്നൊരിക്കലേ ചോദിച്ചു കേട്ടിട്ടുള്ളൂ;
"നായാടിച്ചെക്കൻ ചാത്തൻ"—അത്രയേ മൂളീട്ടുള്ളൂ.

14

ഓതിനാൻ തപസ്വിയെത്തേടിച്ചെന്നൊരിക്കലാ-
വ്യാധൻ തത്സമാധിതന്നന്തത്തിൽ ദയാർദ്രനായ്.

---

13. മുന്യംഘ്രിപത്മം=മുനിയുടെ കാലാകുന്നതാമരപ്പൂവ്. മൂകൻ=നിശ്ശബ്ദൻ. വേതനം=കൂലി. നിഷാദൻ=കാട്ടാളൻ.

"തമ്പുരാനൊട്ടേറെനാളായല്ലോ മലഞ്ചുള്ളി-
ക്കമ്പുപോലുണക്കുന്നു പൂമെയ്യിക്കൊട്ടുംകാട്ടിൽ.
വീർപ്പടക്കിയും കണ്ണുചിമ്മിയും മനം ചുട്ടു-
മോർപ്പതെന്തങ്ങിമ്മട്ടിലൂണുറക്കൊഴിഞ്ഞെന്നും?
ഇക്കാട്ടിൽത്തങ്ങും വിലങ്ങേതിനെക്കൊതിച്ചങ്ങു
മുക്കാലും പിറപ്പറപ്പിത്തരം പുലർത്തുന്നു?
ഉള്ളമട്ടോതാമല്ലോ വേണ്ട,തിക്കാനനം മുററു-
മുള്ളതെങ്കെനെല്ലിക്കയൊായ് ക്കാണ്മോനീ വേടച്ചെക്കൻ.
ആവനാഴിയും വില്ലുമമ്പുമായ് നായാട്ടിൽവെ-
ന്നാവിലങ്ങിനെപ്പിടിച്ചേല്പിക്കാമങ്ങേക്കൈയിൽ."

15

കേവലം തിര്യഗ്ഗ്രുതം—ഭ്രാന്തൻതൻ പ്രലാപമാ-
യാവചസ്സവൻ കേട്ടാനല്പവും രസിക്കാതെ.
ഉത്തരം കാത്തുംകൊണ്ടു നില്ക്കയാണോട്ടാനിച്ച
ലുബ്ധകൻ സമീപത്തിൽ—"മാരണം!മാറാങ്ങുല്യം!!

---

14. വീർപ്പ് = ശ്വാസം. ചിമ്മുക = അടയ്ക്കുക. വിലങ്ങ് = നാൽകാലിമൃഗം. പിറപ്പറപ്പ് = ജീവിതത്തിൽ വെറുപ്പ്. കാനനം = കാട്.

എന്തിവൻ കണ്ടു പാവ,മെൻതതാപം? കൊള്ളാം വന്ന
ബന്ധു! ഞാൻ തീർണ്ണാർണ്ണവൻ നൂനമിപ്പോതത്തിനാൽ!!
എന്നെക്കൊണ്ടാവാത്തതാണിക്കിടാത്തനാലാവ-
തിന്നു ഞാനിരപ്പാളി!യിച്ചെക്കൻ വിണ്ണോർമരം!!
ഞാനിവൻ നല്കും വരം വാങ്ങുവാൻ വന്നോനല്ല;
മാനത്തിൽപ്പുരത്തിനു മാക്രിയാ മാർഗ്ഗം കാട്ടാൻ?”
അപ്പുമാനിമ്മട്ടോത്താസ്സാധുവാമഭ്യാഗത-
നല്പഹാസമാമർഘ്യമാദ്യമായ് സ്സമ്മാനിച്ചാൻ.

16

ഓതിനാൻ പിന്നെ:“ച്ചാത്ത! നിന്നെക്കൊണ്ടെൻ കാ-
[മിതം
ബോധിപ്പാൻ പോലും മേല; സാധിക്ക പിന്നീല്ലീ?

---

15. തിര്യക്കിൻെറ (ത്തതം) ശബ്ദം. ലുബ്ധകൻ=വേടൻ. തീർണ്ണാർണ്ണവൻ=സമുദ്രം കടന്നവൻ. പോതം=മരക്കലം(പൈതലെന്നും). നിന്ദാഗർഭമായ വാക്യം. സാധു നല്ലവനെന്നും പാവമെന്നും. അഭ്യാഗതൻ= അതിഥി. അല്പഹാസം=പുഞ്ചിരി. അതിഥിയെ ആദ്യമായി അർഘ്യംകൊണ്ടു ഗൃഹസ്ഥർ സൽക്കരിക്കണമല്ലോ, അതു സനന്ദനൻ ഇവിടെ സാധിച്ചതു പുച്ഛരസത്തിലുള്ള പുഞ്ചിരികൊണ്ടായിരുന്നു.

16. ബോധിക്കുക=മനസ്സിലാക്കുക. ലാക്ക്=ലക്ഷ്യം. വനേചരൻ=കാട്ടിൽ സഞ്ചരിക്കുന്നവൻ, അപരിഷ്കൃതൻ(കാട്ടാളൻ). [illegible]

ഹാ! കിടപ്പവൻ ഞാനെൻ ലാക്കിൽനിന്നകന്നെങ്ങോ?
നീ കടന്നിടയ്ക്കിതിൽച്ചാടിയാലെന്തോ ഫലം?
കേവലം വനേചരൻ ബാലൻ നീ മൃഗപ്രായൻ;
ദ്യോവിനെപ്പുൽകാനാമോ പാതാളം കുതിക്കുകിൽ?
അത്രമേൽത്താണുള്ള ഞാനാശയെന്നിരുന്നാൽ ഞാ-
നിത്തരം കൊടുംതപം രാപ്പകൽച്ചെയ്യേണമോ?
നീ നടന്നുപോ നിന്റെ കൈനില; യ്ക്കിക്കാര്യത്തിൽ
സ്ഥാനത്തെ സ്പർശിക്കുവോന്നല്ല നിൻ സദുദ്ദേശ്യം!
നന്മ ചെയ്തിടാമല്ലോ വേറെയും; പാവപ്പെട്ട
നിന്മച്ചിക്കൃപപ്പെണ്ണിന്നെൻകണ്ണീർ, ശുദ്ധാത്മാവേ!

17

തെറിപ്പോയ് നിനക്കൂഹമെന്നു ഞാൻ കഥിപ്പീല;
മററുമെൻ മൃഗ്യദ്രവ്യം ഭ്രാതാവേ! മൃഗംതന്നെ.
ഉണ്മയിൽച്ചൊല്വൂ കണ്ടോർ "കാൽമുതൽക്കഴ-
മമ്മൃഗം നരാകാരമപ്പുറം സിംഹാകാരം. [ത്തോള-

---

കാശം: കൈനില= കുടിൽ. സ്ഥാനത്തെ സ്പർശിക്കുവോന്നല്ല= അസ്ഥാനസ്ഥമാണ്. നിന്റെ കൃപയാകുന്ന സ്ത്രീ ഒന്നിനേയും പ്രസവിക്കുവാൻ ശക്തയല്ല. നിഷ്ഫലമാണ് നിന്റെ അനുകമ്പയെന്നു സാരം. അതിനെക്കണ്ടു ഞാൻ ദുഃഖിക്കുന്നു.

ആദിതൊട്ടസ്സത്ത്വത്തെത്തേടുന്നുണ്ടിന്നും നാലു-
വേദാഖ്യകോലും വിശ്വകദ്രുക്കൾ വിനിദ്രങ്ങൾ.
ആ നൃസിംഹംതാൻ സത്യം സുന്ദരം ശിവം സച്ചി-
ദാനന്ദം സനാതനം ശാന്തിദം സർവാന്തഃസ്ഥം.
പണ്ടെങ്ങാണ്ടൊരിക്കൽത്താൻ മുന്നിലമ്മൃഗത്തിനെ-
ക്കണ്ടാൻപോൽ പ്രഹ്ളാദനാം ബാലകൻ മഹാഭാഗൻ.
ഞാനും തൽസാക്ഷാൽക്കാരമാശിപ്പൂ; നിനക്കാമോ
ദീനനാമെനിക്കേകാനാവില, ങ്ങാവില്ലല്ലോ.”

18

ആ വാക്യം സാങ്ഗോപാങ്ഗമർത്ഥചിന്തനംചെയ്യാ-
നാവാത്തോനാണെന്നാലുമായുവാവല്പപ്രജ്ഞൻ
സേവ്യമാമതിൻ സാരം സേവിച്ചാൻ ഏത്താലേതോ
പൂർവജന്മോപാത്തമാം പുണ്യത്തിൻ ബലത്തിനാൽ.

---

17. മൃഗ്യദ്രവ്യം= അന്വേഷണാർഹമായ വസ്തു. സത്ത്വം=മൃഗം; (സൽസ്വരൂപമെന്നും). വിശ്വകദ്രുക്കൾ=നായാട്ടുപട്ടികൾ. വിനിദ്രങ്ങൾ= ഉണർന്നവ. സർവാന്തഃസ്ഥം=എല്ലാററിന്റേറയും ഹൃദയത്തിൽ സ്ഥിതിചെയ്യുന്നതു്. മഹാഭാഗൻ=ഏററവും ഭാഗ്യവാൻ. സാക്ഷാൽകാരം പ്രത്യക്ഷദർശനം.

18. സാങ്ഗോപാങ്ഗം=അംഗങ്ങളോടും ഉപാങ്ഗങ്ങളോടും കൂടി; തികച്ചും, സേവ്യം=സേവിക്കേണ്ടതു്; ഉൾക്കൊള്ളേണ്ടതു്.

38728

കാൽമുതൽക്കഴുത്തോളം തന്നെപ്പോലൊരാൾ; ബാക്കി-
യാമുകൾഭാഗം മാത്രം കോളരിക്കൊപ്പം മൃഗം;
ആമട്ടിൽക്കാണാ,കേൾക്കാ,സ്സത്വമൊന്നത്യാശ്ചര്യ-
മുണ്മയാ, യൂക്കാ, യൂഴിക്കുന്നമാ, യുണർച്ചയായ്,
ഉണ്ടെന്ന തദ്വാക്യാംശം വീണു ചെന്നവനുള്ളിൽ
കൊണ്ടലിൻ തുപ്പൽത്തുള്ളി മുത്തുച്ചിപ്പിയിൽപോലെ.
കേശമയിർകൊണ്ടു മേനി നായാടി, കമ്പിൻകൂട്ട-
മാമൃഗത്തിന്മേൽപ്പായാനായംപൂണ്ടെഴുംപോലെ.

19

മങ്ങലേറ്റാതീ വേടൻ:"ഉണ്മയേ ചൊല്ലൂ നല്ലോർ;
എങ്ങെഴാമീയാളുടൽക്കോളരിത്തലജ്ജന്തു?
തൂമഞ്ഞാം പുതപ്പണിഞ്ഞുച്ചിയാൽ മാനം തൊടും
മാമലപ്പരപ്പൊന്നുണ്ടങ്ങെങ്ങോ വടക്കറ്റം;

---

ഉപാത്തം=ലബ്ധം. കോളരി=സിംഹം. കാണാക്കേൾക്കാ-(താൻ) കണ്ടിട്ടും കേട്ടിട്ടുമില്ലാത്തതായ. ഉയർന്നവനെന്നഭിമാനിക്കുന്ന യോഗിയെ ഇവിടെ വ്യോമസ്ഥമായ കറുത്ത മേഘമായും, അദ്ദേഹത്തിന്റെ നിന്ദാവാക്യത്തെ തുപ്പലായും, അധഃസ്ഥിതനായ വ്യാധനെ സമുദ്രത്തിൽ താണുകിടക്കുന്ന മുത്തുച്ചിപ്പിയായും ഉല്ലേഖനം ചെയ്തിരിക്കുന്നു. അമ്പ്=ശരം

വൻപെഴും ചിങ്ങത്താന്മാർ വാഴു്വതങ്ങല്ലാതില്ലെ-
ന്നെൻപഴംകിടാത്തന്മാരോതി ഞാനറിഞ്ഞവൻ.
മാൺപുറെറാരിക്കാനത്തിൽത്തമ്പുരാൻ തിരഞ്ഞീടു-
മാൺപിള്ളസ്സിങ്കം മറെറാന്നായിടാം, മട്ടത്താവാം;
൧൯ഉണ്മയേ വായു്പോന്നെന്നു മാത്രമല്ലങ്ങോളുന്നു-
ണ്ടെൻകണക്കതോ പൈതലെന്നാളോം കണ്ടോന്നെന്നും.
നൂനം ചെന്നാരായുവൻ ഞാനമാവിലങ്ങിനെ;
ക്കാണുവൻ;,പിടിക്കുവൻ; കാഴ്ചയായു്വെച്ചേ നില്പൻ.

20

ഇത്തരം വേടക്കിടാവോതീടും വാക്കിന്നൊന്നു-
മുത്തരം കഥിച്ചീല വിസ്മയസ്തബ്ധൻ ദ്വിജൻ.
"ഹാ! ജഡക്കെന്തൌദ്ധത്യം; ഡിംഭക്കെന്തമ്മൌഢ്യം;
നീചക്കെന്തഹങ്കാർ,"മെന്നവൻ നിരൂപിക്കെ

---

19 ഉണ്മ=സത്യം. മനുഷ്യന്റെ ഉടലും സിംഹത്തിന്റെ തലയുമു
ള്ള ജന്തു. മാൺപു്=അഴകു്.

ആഞ്ഞോടി മുന്നോട്ടേക്കക്കൊച്ചനൊട്ടേറെദ്ദൂരം
പാഞ്ഞിടാൻ മനസ്സുമായ്പ്പന്തയം വെച്ചോൻപോലെ.
കൂട്ടരെക്കൂട്ടീത്തൻെറ നായ്ക്കളൊത്തെങ്ങും ചെന്നു
കൂട്ടിനാൻ ഘോഷം; കീഴ്മേലാക്കിനാൻ കാടൊക്കെയും.
ചേണിലന്നവൻ ചേർത്താൻ തീവ്രമാം പ്രയത്നത്താൽ
തൂണിയോടൊപ്പം ദരീശ്രേണിക്കും ശൂന്യതാപത്തെ.
കാണ്മതില്ലെങ്ങുംതന്നെ പിന്നെയും ദുരാപമാ-
മാമൃഗം—തന്നുറംത്തട്ടിൽ വാണിടുംമായാമൃഗം.

21

"എങ്ങുവാ,നെങ്ങെങ്ങുവാ,നെങ്ങെങ്ങെങ്ങോരേടം വാ-
നെൻശിങ്കം—എന്നാൺശിങ്കം—എന്നെന്നാൺ-
പിള്ളസ്സിങ്കം?"
എന്നരച്ചിങ്ങങ്ങവൻ പിന്നെയും പാഞ്ഞോൻ മേന്മേൽ-
ത്തന്നെത്താൻ മറന്നോനായ്, സന്ന്യസ്തക്കാരാദ്ധ്യനായ്.
കൂട്ടുകാരെല്ലാം വിട്ടാർ; കൂറങ്കാർ പെൺകെട്ടിന്നു
കൂട്ടിനാർ വട്ടം; മുഴുഭ്രാന്തിനായ് ചികിത്സിച്ചാർ.

---

20 ഡിംഭർ കിടാങ്ങൾ. അന്തമ്മൌഗ്ദ്ധ്യം=ഹൃദയമൌഢ്യം. ചേൺ=ഭംഗി. തൂണി ആവനാഴി. ദരീശ്രേണി ഗുഹക്കൂട്ടം. ആവനാഴിയിൽ അമ്പും ഗുഹകളിൽ മൃഗങ്ങളുമില്ലാതെയായി.

ഭ്രാന്തുതാൻ—ഭക്തിഭ്രാന്തു!—സർവ്വേശസാക്ഷാൽകാരം
ശാന്തിയെപ്പൂശ്ശേണ്ടതാം സത്തർതൻ മഹാരോഗം!
ക്രൂകിട്ടും ചുററും ചെക്കർ; നിൻ "ശിങ്ക"മെങ്ങെന്നോത്തും;
കൈകൊട്ടിച്ചിറിച്ചിടും; കല്ലെടുത്തെറിഞ്ഞിടും.
കാണ്മതില്ലതൊന്നുമേ മർത്ത്യപഞ്ചാസ്യം മാത്ര-
മോർമ്മയിൽത്തങ്ങിത്തിങ്ങിവിങ്ങുമമ്മഹായോഗി.

൨൨

ചെററുചെന്നപ്പോൾ കണ്ടാൻ ലുബ്ധകൻ മഹാധന്യൻ
ചുററുപാടെഴും വസ്തു സർവ്വവും നൃസിംഹമായ്.
കാണ്മതോടെല്ലാം "എന്നാൾക്കോളരിച്ചങ്ങാതി! വാ
ഞൊന്നുനിക്കേകാം നിന്നെ,യെന്നോത്തും; വിളിച്ചീടും.
പാറക്കൽ പളുങ്കൊളിക്കണ്ണുനീരൊലിപ്പിക്കും;
പാദപം തളിർക്കൊമ്പാം താലവൃന്തത്താൽ വീശും;
വീരുത്തു പൈന്തേനാലിപ്പൂമാരികോരിത്തൂകും;-
മാറു വെൺനരക്കളിർത്തുമുക്താഹാരം ചാർത്തും;

---

21. സന്യാസികൾക്കുകൂടി ആരാധ്യനാകത്തക്ക നിലയിൽ അത്ര മാത്രം ഏകാഗ്രചിത്തൻ. ക്രൂററകാർ=ബന്ധുക്കൾ. വിവാഹം കഴിക്കാഞ്ഞിട്ടായിരിക്കുമോ ചാത്തന് ഈ അസ്വാസ്ഥ്യമെന്നു ബന്ധുക്കൾ സംശയിക്കുന്നു. സത്തർ=സത്തുക്കൾ. മർത്ത്യപഞ്ചാസ്യം=നരസിംഹം.

22 താലവൃന്തം=വിശറി. വീരുത്ത്=പടർന്നുപിടിച്ചവള്ളി. അണ്ഡജം=പക്ഷി. ഇടംപെട്ടുന്ന=വിശാലമായ. സജംഗമസ്ഥാവരം ഇളകുന്നതും ഇളകാത്തതുമായ വസ്തുക്കളോടുകൂടിയതു്.

KOTTAYAM PUBLIC LIBRARY KOTTAYAM

വണ്ടിനും മുരൾച്ചയാൽ വായ്പെഴും ജയം ക്രൂര;-
മണ്ഡജം പാറിപ്പറ,ന്നാശാപാസികളവാൻ ചൊല്ലും;
മാ, നിടംപെട്ടും കണ്ണാൽ നോക്കിടും;—സമസ്തമ-
ക്കാനനം സജംഗമസ്ഥാവരം കാരുണ്യാർദ്രം.

23

ഹന്ത! നാളിമ്മട്ടൊട്ടു പോകെത്തത്തപസ്സിൻചൂ-
ടന്തരാത്മാവിൽത്തട്ടീ; കാര്യത്തിൻ മട്ടും മാറീ;
ഷഡ്വർഗ്ഗസിന്ധുക്കളില്ലങ്ങതിൻ ശാന്തിക്കൊന്നും;
പെട്ടുപോയ് ഹുതാശനക്കൂട്ടിലന്നു പഞ്ചാസ്യം.
അപ്പൊഴായിടാമങ്ങേയ്ക്കാഗാരനീരിൻ സ്വാദും,
തല്പത്തിൻ കുളുർമ്മയും, വാമമാം കണ്ണിൻ കെല്പും,
വാഹത്തിൻ പക്ഷങ്ങൾതൻ വീശലിൻ ചേലും
[കാണ്മാൻ
ശ്രീധരേ! തരംവന്നതെന്നു ഞാൻ നിനയ്ക്കുന്നേൻ.

---

23. തത്തപസ്സ്=ആവ്യാധന്റെ തപസ്സ്. ഷഡ്വർഗ്ഗങ്ങളാകുന്ന സമുദ്രങ്ങൾ. ഷഡ്വർഗ്ഗങ്ങൾ=കാമക്രോധലോഭമോഹമദമാത്സര്യങ്ങൾ ആ സമുദ്രങ്ങൾ ഇടയ്ക്കുണ്ടെങ്കിൽ തപസ്സിന്റെ ചൂട് അന്തരാത്മാവിൽ തട്ടുകയില്ല. അന്തര്യാമിയായ നരസിംഹം തപസ്സാകുന്ന (ഹുതാശനക്കൂട്) അഗ്നിപഞ്ജരത്തിൽ അകപ്പെട്ടുപോയി. ആ ചൂട് നശിപ്പിക്കുവാൻ അവിടെയ്ക്ക് (ആഗാരം) ഗൃഹമായ പാലാഴിയിലെ പാലും, മെത്തയായ ആദിശേഷന്റെ ഫണങ്ങളും,

പ്പൊള്ളിച്ചപ്പോം പൂമേനി;യെൻ തമ്പുരാനിനിത്തുച്ച്യ-
മുള്ളിലും വെളിക്കുമായ് മിന്നിയേ ശരിപ്പെട്ടു.
ചാഛവേ ഭവാൻ മാറിൽ ചാർത്തുവാനരണ്യപ്പൂ-
മാലയൊന്നതാ കോർപ്പൂ മാൺപെഴും മഹീദേവി.

24

ഒററക്കൈ പൊക്കിൾപ്പൊയ്കപ്പൊൽത്തണ്ടാർവാ-
[ടായ് വാനും
മറേറക്കൈ മഞ്ഞത്തളിർപ്പട്ടാട കത്തായ് വാനും
പിന്നെയൊന്നാഴിപ്പെണ്ണിൻ പൂമേനി പൊള്ളായ് വാന-
മിന്നിയൊന്നണിക്കതിർക്കൌസ്തുഭം പൊട്ടായ് വാനും:—

---

ഇടത്തേക്കണ്ണായ ചന്ദ്രനും (വാഹം) വാഹനമായ ഗരുഡൻെറ ചിറകുകളും പ്രയോജനപ്പെട്ടിരിക്കണം. ഇതുവരെ വ്യാധൻെറ ഹൃദയത്തിൽ മാത്രമിരുന്ന അങ്ങ് ഇനി പ്രത്യക്ഷപ്പെടുക കൂടിച്ചെയ്യേ മതിയാകൂ. വനമാലയാണല്ലോ അങ്ങു വക്ഷസ്സിൽധരിക്കുന്നതു്. അതു് ഒന്ന ഭൂദേവി അതാ (വ്യാധൻെറ രൂപത്തിൽ) അങ്ങേയ്ക്കു കോർക്കുന്നു (സമർപ്പിക്കുവാൻ).

24. ഒരു കൈകൊണ്ടു നാഭിയിലെ താമരയേയും, മറെറാന്നുകൊണ്ടു പീതാംബരത്തേയും, മൂന്നാമത്തേതുകൊണ്ടു വക്ഷഃസ്ഥയായ ലക്ഷ്മീദേവിയേയും, നാലാമത്തേതുകൊണ്ടു കൌസ്തുഭത്തേയും ഭഗവാൻ വ്യാധൻെറ തപോവഹ്നി വ്യാപിക്കാതെയിരിക്കത്തക്കവണ്ണം പൊത്തിപ്പിടിക്കുന്നു. പൂരാണോക്തം=ശ്രീമൽഭാഗവതാ

 38728

ഇമ്മട്ടിൽ ഉജ്ജം നാലും വ്യാപരിപ്പിച്ചും, മർത്ത്യ-
സിംഹത്തിൻ പുരാണോക്തമായിട്ടാ രൂപം പൂണ്ടും,
മേല്ക്കുമേൽ സുഷുപ്തിയെഗ്ഗർഹിച്ചും, സ്വഭക്തരിൽ
നൈർഘൃണ്യവാനോ താനെന്നാത്മശോധനംചെയ്തും,
പാഷദർ ധരിക്കാതെ, പത്മയോടുരയ്ക്കാതെ,
താർക്ഷ്യനാം വാഹം വരാൻ താമസിച്ചിരിക്കാതെ,
പെട്ടെന്നു വേടച്ചെക്കൻതന്മുന്നിൽക്കുതിച്ചെത്തീ
ശിഷ്ടർതൻ ചിന്താരത്നം, ചിൽപുമാൻ, ജഗൽപതി.

25

ആവതും തന്നാതിഥ്യമാചരിക്കുവാൻ വേഗ-
മാ വനം സന്നദ്ധമായ് ഹസ്തസ്ഥസർവദ്രവ്യം.
സത്വരം പ്രയാണത്തിൻസാദത്തെശ്ശമിപ്പിച്ചു
ഭക്തിമന്ഥരൻ, വായു, സാമോദൻ, ബാഷ്പാപ്ലുതൻ.

---

ദിപുരാണങ്ങളിൽ വർണ്ണിച്ചിട്ടുള്ളതു്. സുഷുപ്തി=ഉറക്കം നൈർഘൃണ്യം ദയയില്ലായ്ക. പാഷദർ=പരിജനങ്ങൾ. പത്മ ലക്ഷ്മീദേവി.

25. ഹസ്തസ്ഥസർവദ്രവ്യം=എല്ലാ ദ്രവ്യങ്ങളും കൈവശമുള്ളതു്. പ്രയാണം=യാത്ര. സാദം=ക്ഷീണത. വായുവിന്റെ (മന്ഥരത) മന്ദത ഭക്തികൊണ്ടെന്നു് ഉല്ലേഖനം ചെയ്യുന്നു. സാമോദൻ=ഗന്ധവാൻ; സന്തോഷത്തോടു കൂടിയവൻ എന്നും. ബാഷ്പാപ്ലുതൻ ബാഷ്പത്തിൽ (ഇവിടെ ഹർഷാശ്രു) മുങ്ങിയവൻ. തെന്നലിന്റെ മൂന്നു

പാതയിൽപ്പരത്തിനാൾ പച്ചപ്പുൽപ്പൂമ്പട്ടാട
പാദത്തെത്തിരുമ്മുവോൾ, സാധ്വിയാം ധാത്രീദേവി.
ഗോക്കൾതന്നകിട്ടിൽനിന്നെങ്ങുമേ ദുഗ്ദ്ധം പാഞ്ഞു;
ഗോവിന്ദൻ ചെല്ലുന്നേടമൊക്കെയും ദുഗ്ദ്ധോദധി.
തേനിൽനീരാടി, ത്തളിർപട്ടുടു, ത്തൊരോരോതരം
മേനിയിൽപ്പൂത്തന്മലർപ്പൊന്മണിപ്പണ്ടം ചാർത്തി,
നല്ലോരമ്മഹം കണ്ടാർ നിർന്നിമേഷമാം കണ്ണാൽ
വല്ലരീവധുക്കളും വൃക്ഷപൂരുഷന്മാരും.

26

തന്മുന്നിൽക്കണ്ടാൻ സാധു താനതേവരെത്തേടു-
മമ്മഹാമൃഗത്തെ—ത്തന്നാകാംക്ഷാസർവ്വസ്വത്തെ.

---

ഗുണങ്ങൾ ശൈത്യസൌരഭ്യമാന്ദ്യങ്ങളാണ്. അവ മൂന്നും ഇവിടെ കാണപ്പെട്ടു. സാധ്വി=പതിവ്രത. ഭഗവാൻ കാൽ നൊന്താൽ തിരുമ്മേണ്ടതു താനാണല്ലോ; അതുകൊണ്ടു ഭൂദേവി പച്ചപ്പുല്ലാകുന്ന പട്ടുപാവാട ആ കാട്ടിൽ വിരിച്ചു. ദുഗ്ദ്ധം പാൽ. മഹം=ഉത്സവം. വല്ലികളെ സ്ത്രീകളും വൃക്ഷങ്ങളെ പുരുഷന്മാരുമായി ഇവിടെ ഉല്ലേഖനം ചെയ്യുന്നു. ഉത്സവം കാണ്മാൻ പോകുന്ന സ്ത്രീപുരുഷന്മാർ കുളിച്ചു നല്ല വസ്ത്രങ്ങളും ആഭരണങ്ങളും ധരിക്കുന്നതു സാധാരണമാണല്ലോ.

കൺകളുത്താസ്യം നനഞ്ഞതശ്രുംവാൽ, രോമോൽഗമം
തിങ്ങിമെയ്യെങ്ങും, മനം മത്താടിയന്നായാടി
ആദ്യത്തെപ്പകയ്പ്പൂവിട്ടപ്പുറം വീണ്ടും നോക്കി-
യാദ്യനാമദ്ദേവനെ; തദ്രൂപം സൌമ്യാൽസൌമ്യം.
വൃത്തകണ്ണൻചെന്തീപ്പോരിച്ചിന്നലി, ല്ലുലർച്ചയി,-
ല്ലുലത്തച്ചാഞ്ചാട്ടമി, ല്ലുഗ്രാസ്യപ്പിളർപ്പില്ല;
പൂരുഷാകാരം പൂണ്ട കാമധേനുവാം; മുഖം
പാരീന്ദ്രചർമ്മത്തിനാൽ മറന്നമാം കുരങ്ഗമാം.
തൻമൃഗാധിപാഭിഖ്യ സാർത്ഥമാക്കുവാനാവാ-
മമ്മട്ടിൽച്ചയ്തു ഭേദം സ്വീകരിച്ചതസ്സത്താ!

27

ചൂടില്ലാത്തേജോരാശി, കോളില്ലാപ്പാരാവാര;-
മീടെഴും വിണ്ണാറായൊരാഗ്നേയശൈലദ്രവം;

---

൨൬. ആകാംക്ഷ=ആഗ്രഹം. ആസ്യം മുഖം. രോമോൽഗമം=രോമാഞ്ചം. തദ്രൂപം=ആ ദേവന്റെ രൂപം. സൌമ്യാൽസൌമ്യം=അത്യന്തം സൌമ്യം. സിംഹത്തിന്റെ ക്രൌര്യമൊന്നും കണ്ടില്ല. പൂരുഷാകാരം=പൂരുഷാകൃതി. പാരീന്ദ്രചർമ്മം=സിംഹത്തോൽ. കുരങ്ഗം=മാൻ. മൃഗാധിപാഭിഖ്യ=മൃഗാധിപൻ എന്ന പേർ. സിംഹത്തിന്ന മൃഗാധിപനെന്ന പേരുണ്ട്. മൃഗമെന്നാൽ മാനെന്നർത്ഥം. മാൻകൂട്ടത്തിന്റെ രാജാവെന്ന നിലയിൽ അത്ര സൌമ്യമായാണ് അവിടെ നരസിംഹം പ്രകാശിച്ചുള്ളു.

ചാലവേ ശരത്തായ വർഷത്തു, ശാന്താചാരം
ശീലിച്ച രൌദ്രം; സുധാസത്തായ ഘോരക്ഷ്വേളം—
ദീനബാന്ധവൻ, ദയാവിഗ്രഹൻ, സരസ്സിൽനി-
ന്നാനയെക്കരയ്ക്കേററിപ്പാലിച്ചോനാണാ ഹരി.
അമ്മൃഗേന്ദ്രൻതൻ ദാസദാസൻപോൽ ഗീർവാണേന്ദ്ര-
നപ്പഞ്ചാസ്യൻതൻ സേവാജീവിപോൽ ചതുർമ്മുഖൻ.
വിശപ്പും തന്നിൽക്കാട്ടാൻ ദക്ഷനാം വ്യാദീർണ്ണാസ്യ,-
നച്ചിത്രകായപ്രിയൻ ഭൂതേശൻ പശുപതി.
അത്ഭുതം നിരൂപിച്ചാൽ ഹംസാളിസംസേവ്യമാ-
മപ്പുണ്ഡരീകത്തേക്കാൾ മറെറന്തുണ്ടകക്ക്ശം?

---

27. തേജോരാശി=സൂര്യൻ. പാരാവാരം=സമുദ്രം. ആഗ്നേയശൈലദ്രവം=അഗ്നിപർവതത്തിൻെറ ഉൽഗാരം. ശരത്ത്=ശരൽക്കാലം. രൌദ്രരസം ശാന്തരസത്തിൻെറ ആചാരം ശീലിച്ചതുപോലെ കാണപ്പെട്ടു. സുധാസത്ത്=പീയൂഷസാരം. ക്ഷ്വേളം=വിഷം. വിഗ്രഹം=മൂർത്തി. ഇന്ദ്രദ്യുമ്നനെന്ന ഗജേന്ദ്രനെ പാലിച്ച ഹരി (വിഷ്ണു)യാണ് ആ ഹരി=സിംഹം. ദേവേന്ദ്രൻ ആ മൃഗേന്ദ്രൻെറ ദാസക്കും ദാസനാണ്. പഞ്ചാസ്യൻ=സിംഹം. (നാലുകാലും മുഖവും യുദ്ധോപയുക്തമാകയാൽ പഞ്ചാസ്യനെന്നു പറയുന്നു.) ബ്രഹ്മാവിനു നാലുമുഖമേയുള്ളു. സേവാജീവി=സേവകൻ. പുണ്ഡരീകം, ചിത്രകായം, വ്യാദീർണ്ണാസ്യം ഈ മൂന്നുപേരുകളും സിംഹപര്യായങ്ങളാണ്. വ്യാദീർണ്ണാസ്യൻ=പിളർന്ന വായോടുകൂടിയവൻ. ദക്ഷൻ=സമർത്ഥൻ. ചിത്രകായൻ അത്ഭുതമായ ശരീരത്തോടുകൂടിയവൻ. പശുപതി=ശിവൻ. പശുപതി

൨൪

പണ്ടേററം ദുഷ്പ്രാപമാം തദ്രൂപാമൃതംമേന്മേ-
ലുണ്ടർകോൻ നുകന്നാനന്നായിരം നേത്രത്താലും,
താഴെത്തൻപൂങ്കാവുതൻവീണതക്കാടെന്നോർത്ത-
ത്തായിരം ദണ്ഡങ്ങളാലാകർഷിക്കുവോൻ പോലെ.
ദിവ്യസ്ത്രീഗണങ്ങൾതൻ നീണ്ട മാൻകണ്ണെല്ലാമ-
ന്നവ്യമാം നൃസിംഹത്തിൻ മേനിയിൽത്തുള്ളിച്ചാടീ.
തൻപിതാമഹപ്രിയൻ സ്വാമിയെദ്ദർശിക്കുവാൻ
വെമ്പിടും ബലിക്കേകി സുത്രാമാവർദ്ധാസനം.
ഭാവനാബലംകൊണ്ടുമാത്രം താൻ വർണ്ണിച്ചോരു
ദേവനെക്കണ്ടാൻ വ്യാസൻ ചക്ഷുസ്സാൽ തദ്രൂപനായ്.
പോരില്ലെന്നറിഞ്ഞെല്ലം ഖിന്നനാകിലും മർത്ത്യ-
പാരീന്ദ്രൻതന്നെപ്പാടിവാഴ്ത്തിനാൻ വീണാധരൻ.

---

ആ സിംഹത്തിന്റെ ഇഷ്ടനാണ്; ഹംസാളിസംസേവ്യം=ഹംസങ്ങളാലും വണ്ടുകളാലും സംസേവ്യമെന്നും, ഒരു കൂട്ടം സന്ന്യാസിമാരുടെ സംഘത്താൽ സംസേവ്യമെന്നും. പുണ്ഡരീകം=വെൺതാമരയെന്നക്ഷരാർത്ഥം. വെൺതാമരയെക്കാൾ (അകക്കാമ്പു) ശുദ്ധമായി ഒന്നുമില്ലല്ലോ.

൨൨. അണ്ടർകോൻ ദേവേന്ദ്രൻ. അമൃതപാനം അദ്ദേഹത്തിനു വിധിച്ചതാണല്ലോ. നരസിംഹം പ്രത്യക്ഷീഭവിച്ചു ആ വനം കണ്ടപ്പോൾ തന്റെ നന്ദനാരാമം ഭൂമിയിൽ വീണുപോയതായി തോന്നി, ആയിരം ദണ്ഡുകൾകൊണ്ട് അതിനെ പൊക്കിയെടുക്കുന്നവനെപ്പോലെ ആയിരം

29

“ഏറെന്നാളായല്ലോ നീയെന്നെക്കാത്താകം വെന്തു-
നീറുമാ,റങ്ങിങ്ങോടി,ക്കാൽനൊന്തു കഷ്ടിക്കുന്നു;
ഞാനിതാ വന്നേൻ മുന്നിൽച്ചങ്ങാതി! യെന്നാലെന്തു-
വേണമെന്നോതിക്കൊള്ളൂ; ചെയ്തിടാമതൊക്കെയും”;
എന്നേറം പ്രസന്നനായ്, സ്നിഗ്ദ്ധനായ്, ഹിതൈ-
[ഷിയാ,-
യന്നൃപഞ്ചാസ്യൻ ഭക്തൻ വ്യാസനോടരുൾചെയ്തു.
ആവതും സുധാരസം മോഹിനീരൂപൻ പണ്ടു
ദേവക്കു നല്കി,ശ്ശേഷം തൻകണ്ണിലിരിക്കൂട്ടി!

---

കണ്ണുകൊണ്ടു തന്തിരുവടിയുടെ രൂപാമൃതത്തെ പാനം ചെയ്യുന്ന ദേവേന്ദ്രൻ ശോഭിച്ചു. ദിവ്യസ്ത്രീ=ദേവസ്ത്രീ. നവ്യം=പുത്തൻ. തൻപിതാമഹപ്രിയൻ=തന്റെ മുത്തച്ഛൻ പ്രഹ്ലാദന്റെ പ്രിയൻ. സുത്രാമാവ്=ദേവേന്ദ്രൻ. തമ്മിലുള്ള വിരോധം ദേവേന്ദ്രനും മഹാബലിയും മറന്നു, താൻ ഭാവനാശക്തികൊണ്ടു പുരാണങ്ങളിലും മററും വർണ്ണിച്ച രൂപത്തിൽ തന്നെയാണ് വ്യാസൻ നരസിംഹത്തെ കണ്ടതു്. വീണാധരൻ നാരദൻ. യുദ്ധം കാണാനാണ് അദ്ദേഹം ഓടിവന്നതു്.

29. ഹിതൈഷി=ഹിതം ചെയ്‌വാൻ ഇച്ഛയുള്ളവൻ. മോഹിനീരൂപത്തിൽ ദേവന്മാരെ അമൃതപാനം ചെയ്യിച്ച മഹാവിഷ്ണു ബാക്കിയുള്ള അമൃതം തന്റെ കണ്ണിലായിരിക്കാം സംഭരിച്ചതു്, അല്ലെങ്കിൽ കടക്കണ്ണിൽ ഈ കാരുണ്യാർദ്രത വരുവാൻ കാരണമില്ല. കിന്നരന്മാരെല്ലാം തുരംഗമുഖന്മാരല്ലോ; സിംഹമുഖനായ ഒരു കിന്നരൻ എങ്കിലും അ

കിന്നരന്മാരെത്തുരങ്ങാസ്യരായ്പ്പുരാണങ്ങൾ
ചൊന്നതിൽ തെറ്റ, ഞങ്ങാരാൽ സിംഹാസ്യൻ
[തന്മദ്ധ്യത്തിൽ;
അല്ലെങ്കിലീയാർദ്രതാപമെങ്ങനിന്നപൊള്ളത്തിൽ?
വല്ലകീനികാണത്തിൻ മാധുര്യം വചസ്സിങ്കൽ?

30.

ഓതിനാൻ പ്രത്യുത്തരം വ്യാധൻ! "എൻ കണ്ണേ!
[പൊന്നേ!
നീ തെളിഞ്ഞിന്നെങ്കിലും വന്നുചേർന്നല്ലോ മുന്നിൽ.
കാട്ടിൽ നാം വാഴ്വോരല്ലീ ചങ്ങാതി! രണ്ടാളുകളും,
കൂട്ടരായ്പ്പൊറുക്കുവാൻ തമ്പുരാൻ കല്പിച്ചവർ?
എങ്ങനീയൊളിച്ചൊളിച്ചിത്രനാളെത്തങ്ങി? നിന്നെ-
യെങ്ങും ഞാൻ തിരഞ്ഞല്ലോ ചോട്ടിലും തലപ്പിലും.
കൂട്ടുവിട്ടങ്ങിങ്ങു നീ കൂട്ടുപാഞ്ഞിട്ടുന്നോനോ?
വേടനെക്കുറിച്ചിത്ര കൂറില്ലാതിരിക്കാമോ?

---

കൂട്ടത്തിൽ ഉണ്ടാകും, അല്ലെങ്കിൽ (വല്ലകീനികാണം) വീണാനാദത്തി ന്റെ മാധുര്യം വാക്കിലെങ്ങനെ വന്നു? കിന്നരന്മാർ-ദേവലോകത്തിലെ ഒരു കൂട്ടം ഗായകന്മാർ.

30. പൊറുക്കുക=ജീവിക്കുക, തമ്പുരാൻ=ഈശ്വരൻ.

ഞാനത്രേ നീ, നീയത്രേ ഞാൻ; നാമുമിക്കാനവും
വാനവും വേറല്ലെന്നു കാണ്മൂ ഞാൻ കുറേനാളായ്.
എന്നുടപ്പിറപ്പേ! നീയെൻ ശിങ്കമല്ലേ? മേലി-
ലെന്നെവിട്ടോരേടത്തും പോകൊല്ലേ! ചതിക്കൊല്ലേ!

31

ഇങ്ങവാ നീ കോളരിക്കൂട്ടത്തിൽപ്പെട്ടോനല്ലീ?-
യെങ്ങുനിന്നുണ്ടായ് നിനക്കിപ്പതുപ്പകക്കാമ്പിൽ?
തൊണ്ണയിൽക്കോലക്കുഴയിൽക്കൂട്ടുകെട്ടുണ്ടോ? നിന്റെ
കണ്ണിലേച്ചെന്തീയിലാരിമ്മട്ടിൽത്തണ്ണീർവീഴ്ത്തി?
എത്രയോ പയ്യിൽപ്പയ്യാം നിൻമുഞ്ഞിക്കിണങ്ങാത്തൊ-
രിത്തടിപേക്കോലത്തോ, ലേതുകൈ തുന്നിക്കെട്ടി?
അല്ലെങ്കിൽച്ചിങ്ങത്താനും തന്നുടപ്പിറപ്പിൽക്കൂ-
റില്ലയോ? നീയിക്കോലമെന്നെയോർത്തെടുത്തതാം.

---

31. പതുപ്പ് മാർദ്ദവം. തൊണ്ടയിൽ മനോഹരമായ ഏതോ കുഴിൽ കൂട്ടുകെട്ടിയിട്ടുണ്ടോ? അല്ലെങ്കിൽ ശബ്ദത്തിനു ഈ മാധുര്യം എവിടെനിന്നു വന്നു? കണ്ണിലെ തീയും കെട്ടുപോയിരിക്കുന്നു. പയ്യ് - പശു. കോലം = രൂപം, ഉയിർക്കാററ് = പ്രാണവായു (പോലെ പ്രിയൻ).

നന്നനന്നേതായാലുമിന്നിലയ്ക്കിരി,പ്പട-
ത്തെന്നുയിർക്കാറേറ! വാ!വാ! നിന്നെ ഞാൻ തലോടട്ടെ
വേട്ടിക്കേണ്ടതൻ കൈയിലില്ലമ്പൊന്നും; കുറേനാളായ്
വേടൻതൻതൊഴിൽത്തീണ്ടത് വിട്ടൊഴിഞ്ഞിരി-
[പ്പോൻ ഞാൻ.

32

തീനിടാം, മേനിച്ചടയ് പൊട്ടുനീങ്ങിയാലെന്തു
വേണമെന്നോതാം; നിനക്കാവതൊട്ടപ്പോൾ ചെയ്യാം.
കാകനിക്കിഴിങ്ങിനം പോരയോ തിന്മാൻ? നിന-
ക്കേകുവാനിറച്ചിയില്ലെങ്കലെൻ മെയ്യല്ലാതെ.
തോന്നുന്നുണ്ടല്ലോ വിലങ്ങൊക്കെയും നീയായ്പ്പിന്നെ
ഞാൻ നിനക്കേകാവതോ തീനിനായ് നിന്നെത്തന്നെ?
വേണ്ടവേണ്ടതെന്നത്രേ ചൊല്‌വൂ നിൻ നിണച്ചായം
പൂണ്ടിടാച്ചുണ്ടും പല്ലും, നീയുമിന്നെന്നോടൊത്തോൻ.”

൩൨. വേടൻ അതിനു മുൻപുതന്നെ ഹിംസാചയ്യ വിട്ടു മാംസാഹാരം വർജ്ജിച്ചിരുന്നു. എല്ലാം മൃഗങ്ങളും നരസിംഹമായി തോന്നുന്നു. നിണം=രക്തം, പൂണ്ടിടാ പൂണ്ടിടാത്ത. നീയും മാംസാഹാരം

എന്നുരച്ചേകി കുറെസ്സാത്വികാഹാരം വേടൻ;
തന്നുള്ളിൽകൊണ്ടാനതെൻ തമ്പുരാൻ ഭക്തപ്രിയൻ.
'ഷീക്കുന്നീലല്ലോ പുല്ലു' യെന്നോതിക്കുറെത്തുറു-
പ്പാഴ്ക്കച്ചിവച്ചാൻ മുന്നി,ലായതും തിന്നാൻ ഹരി.

33

പിന്നെയാവ്യാധൻ ചൊന്നാൻ:-"ഞാനെനിക്കായിട്ടല്ല
നിന്നെയിങ്ങിപ്പോഴം വരാൻ നേർന്നതെൻ ചാന്നോർ-
അങ്ങൊരാളൂട്ടത്തുണ്ടു നാടും തൻ വീടും വെടി- (മുത്തേ!
ഞ്ഞിങ്ങു വന്നിരിക്കുന്നു നിന്നെക്കണ്ടെന്തോ നേടാൻ.
ഉണ്ണുകി,ല്ലുറങ്ങുകി,ല്ലോർക്കുകില്ലൊന്നും വേറേ;
നിന്നെത്താൻ നിനയ്ക്കുന്നു നീണാളായൊരേ നില്പിൽ.

---

ഭക്ഷിക്കാത്തവനെന്നു തോന്നുന്നു. സാത്വികാഹാരം=സാത്വികമയേ ആഹാരം; ഫലമൂലാദികൾ. ഭക്തപ്രിയൻ=ഭക്തന്മാരിൽ പ്രിയൻ. ഭക്തം=ആഹാരമെന്നർത്ഥം. അതുകൊണ്ടു്. ഏതും തിന്നുന്നു. "കിം ജീർണ്ണം തൃണമത്തി മാനമഹതാമഗ്രേസരഃ കേസരീ" എന്നു ഭർത്തൃഹരി ഘോഷിക്കുന്നുണ്ടെങ്കിലും ഭക്തപ്രിയനായ (ഹരി) നരസിംഹമൂർത്തി ഇവിടെ അതും ചെയ്യുന്നു.

33. ചാന്നോർ=ബന്ധുക്കൾ. നീണാൾ=വളരെദിവസങ്ങൾ. പണ്ടു് ഇദ്ദേഹം കാട്ടിൽ സഞ്ചരിച്ചിട്ടില്ല. ഐശ്വര്യത്തിൽ വളർന്നിരുന്നു, ആളാകുന്ന ചെന്നായ്.

KOTTAYAM PUBLIC LIBRARY

മാട്ടിൻ പാൽകുടിച്ചേറെ മെയ്ക്കൊഴുത്തവൻ, പണ്ടു
കാട്ടിലേക്കല്ലും മുള്ളും കാലിന്മേൽ തറയ്ക്കാത്താൻ.
നാലുചെന്നായോരോന്നായ് വന്നാവതും കടിച്ചുതി-
ന്നാച്ചതപ്പുറററുപോയ്; ചോരനീർ വേർമാഞ്ഞു-
[പോയ്;
കോലിലും മെലിഞ്ഞോരാക്കോലത്തിലിപ്പോളെല്ലും
തോലുമേ കാണ്മാനുള്ളൂ! പാവമേ വെറുംപാവം!

34

കണ്ടു ഞാനവൻ നിൽപതിക്കണക്കൊട്ടേറെ നാൾ;
വെന്തലിഞ്ഞെന്നുൾക്കട്ടി വെള്ളമായൊലിച്ചുപോയ്.
ഓർത്തു ഞാൻ; "അവൻമറഞ്ഞിക്കാട്ടിൽ മണ്ണായ്-
(പ്പോയാൽ-
പ്പേർത്തുമെൻ തലയ്ക്കല്ലീവീഴ്‌വതപ്പിണപ്പിണി?
മന്നിലാർ പിറപ്പീല പണ്ടുമിപ്പൊഴും മേലു-
മന്നുവാൻ—ഉറങ്ങുവാൻ—ഉണ്ടാക്കാൻ—ഒടുങ്ങുവാൻ?

---

34. പിണപ്പിണി=മരണം നിമിത്തമുള്ള പാപം. പുരാൻ നാഥൻ. ഞായർ സൂര്യൻ. ദുഃഖിക്കുന്ന എന്റെ ആ സഹജീവിക്കു സ്വല്പമൊരു സഹായം ചെയ്‌വാൻ മാത്രമേ ഞാൻ മുതിരുന്നുള്ളൂ എന്നു താൽപര്യം.

ആവകയ്ക്കൊഴിവില്ലെന്നെത്തീർത്തതെൻപുരാൻ, ഞായർ-
ക്കൈവിളക്കെന്നും വാനിൽകത്തിച്ചുന്നകം കാണ്മാൻ.
ആകയാൽ 'നായാടി ഞാൻ—നീ വിലങ്ങല്ലീ?—നിന്നെ
യേകിടാമെന്നോതിനേ, നെന്തിനും മുതിർന്നോനായ്.
ആഞ്ഞത്രേയുള്ളൂ കുറഞ്ഞോന്നുഞാൻ ചെന്തീതട്ടി-
ക്കാഞ്ഞൊരച്ചെടിക്കൊറ്റക്കൈക്കുമ്പിളാൽത്തണ്ണീർ വീ-
(ഴ്ത്താൻ.

35

പോകനാമങ്ങോട്ടെൻെറ പൊന്നുടപ്പിറപ്പേ! വാ,
നീ കട,ന്നെന്തിന്നിത്ര വിമ്മലും വിതുമ്മലും?
തങ്ങിയിട്ടോടാൻ പററി"ല്ലെന്നുരച്ചവൻ ചാത്തീ
വള്ളിയാൽ പിണച്ചോരു വൻവടം കഴുത്തിങ്കൽ.
പണ്ടു തൃത്താലിച്ചാത്തിൽപ്പാൽക്കടൽപ്പെൺപൈത-
കണ്ഠത്തിൽസമർപ്പിച്ച കല്ഹാരപ്പൂമാലയും [ലാം
ആ യശോദയാൾ തൻെറ മൺതീററി നിത്താൻമെയ്യി-
ലായംപൂണ്ടേച്ചിട്ട മന്ഥനക്കയറ്റുണ്ടും,

---

൩൫. ഭഗവാൻ ആർദ്രഹൃദയനായി കണ്ണീർപൊഴിക്കുന്നതു കണ്ടാണ് വേടൻ വിമ്മലിനേയും വിതുമ്മലിനേയുംപററി ചോദിക്കുന്നതു്. പോററിട്ടുംതായ = യശോദ.

അങ്ങവൻ മുന്നോട്ടേയ്ക്കു കർഷിപ്പാനിട്ടും വള്ളി-
ച്ചങ്ങലയെല്ലാപ്പം സുഖം ശാർങ്ഗിക്കു നൽകീലേത്തും.
ജീവനാഥയെക്കാളും—പോററിടും തായെക്കാളും—
കേവലം നിഷ്കാമരാം ഭക്തർ താൻ ദേവന്നിഷ്ടം.

36

അപ്പുറം നൃസിംഹത്തെത്തന്മുന്നിൽച്ചേത്തുംകൊണ്ടു
വിപ്രനെത്തേടിപ്പോയാൻ ശിഷ്ടനാം വനേചരൻ.
പുൽക്കയർത്തുമ്പും മുളങ്കമ്പുമുണ്ടോരോ കൈയി-
ലക്കൊച്ചനുണ്ടോ പിന്നെയമ്മൃഗത്തിനെ ബ്ഭയം?
വള്ളിയാൽവലിക്കവേ നൊന്തുപോം കഴുത്തെന്നോ-
ത്തല്ലലാന്നുടുത്തുചെന്നൂതിടും തലോടിടും;
പച്ചിലച്ചാറൊട്ടേന്തോ തേച്ചിടുംപിഴിഞ്ഞങ്ങു;
പൃച്ഛിക്കും 'പുല്ലോ നീരോ വേണമോ വഴിക്കെന്നായ്';
"എൻമണിച്ചിങ്ങം പാവ"മെന്നോതും; മുഖംകുനി-
ച്ചുമ്മവച്ചിടും; മാറിൽച്ചേത്തണച്ചാശ്ലേഷിക്കും;—
അമ്മട്ടിൽച്ചെന്നെത്തിനാൻ തൻവിലങ്ങുമായ്ദ്ദാന്തൻ-
തന്മുന്നിൽകൃതാത്ഥനാമപ്പരാതൈത്ഥകസ്വാത്ഥൻ.

---

36. ശിഷ്ടൻ യോഗ്യൻ. പൃച്ഛിക്കുക=ചോദിക്കുക. ദാന്തൻ=ദമത്തോടുകൂടിയവൻ; തപസ്വി. പരാത്ഥം മാത്രമാകുന്ന സ്വാർത്ഥത്തോടുകൂടിയവൻ

37

വെന്നുതാൻ വിളങ്ങുന്നു ദൈവത്തിൻ ദയാദൃഷ്ടി,—
യന്നോളം ശ്മാശാനമായ്ത്തീർന്നീലാത്തപോവനം.
ദൂരെയൊന്നെന്തോ കാണ്മൂ—ധൂമമ,ല്ലുണക്കാർന്ന
ദാരുവിൻ മൂട,ല്ലാരും നേരെന്നോരാളുരുവല്ല;
അസ്ഥിപഞ്ജരംതന്നെ; നിൽക്കുന്നു പാദങ്ങളിൽ;
നിശ്ചയം ശ്വാസോച്ഛ്വാസവ്യാപാരം നീങ്ങീട്ടില്ല;—
ആയതത്തപസ്വിതാൻ; തന്മേനി പക്ഷേ വെറും
ഛായതൻ ഛായയല്ലോർക്ക, മത്രമേൽച്ചടച്ചുപോയ്.
എങ്കിലെ,ന്തതിന്നന്തമേകുന്നുണ്ടുൾച്ചൈതന്യ-
മെൻ ഹിതം ഞാൻ നേടു'മെന്നുള്ളൊരാവീരവ്രതം.
ജീവനാം പതത്രിതൻ പക്ഷത്തെസ്തംഭിപ്പിച്ചു
മേവുന്നുണ്ടജയ്യമിപ്പൗരുഷോക്തമാം മന്ത്രം.

---

37. തപസ്വി അതുവരെ മരിച്ചിട്ടില്ല. ആ തപോവനം ശ്മശാനമായിട്ടില്ല. ദാരു=മുറിച്ച മരം. ആളുരു നേർച്ചയായി ഇരുത്തുന്ന ആൾരൂപം. അസ്ഥിപഞ്ജരം=അസ്ഥിക്കൂടം. ആ അവസരത്തിലും "എന്റെ ഹിതം ഞാൻ നേടു"മെന്നുള്ള വീരവ്രതം ആ തപസ്വിക്കുണ്ടു്. പതത്രി=പക്ഷി. പക്ഷം=ചിറകു്. അജയ്യം=ആർക്കും ജയിക്കുവാൻ പാടില്ലാത്തതു്. പൗരുഷോക്തം=പൗരുഷത്താൽ ഉച്ചരിക്കപ്പെട്ടതു്. പൗരുഷംകൊണ്ടു, പറക്കാൻ ഭാവിക്കുന്ന പ്രാണപക്ഷിയുടെ ചിറകുകളെ അദ്ദേഹം സ്തംഭിപ്പിച്ചിരിക്കുന്നു; മരിക്കാതെയിരിക്കുന്നു എന്നു സാരം.

38

“ആരംശികം ചാരത്തിതാ നിൽക്കുന്നു; തൃക്കൺപാർക്കാം;
വാത്സല്യം കൊതിച്ചതെൻ തമ്പുരാനിതൊന്നല്ലീ?
ആട്ടിനെക്കാളും പാവ, മേത്തു കുഞ്ഞിനും കളി-
പ്പാട്ടമായങ്ങേയ്ക്കേകാ, മത്രമേൽപ്പച്ചപ്പാവം!
പാർക്കണേ തൃക്ക”ണ്ണെന്നു വാവിട്ടു വേടൻ ക്രൂരം
വാക്കുകൾക്കേ,ട്ടടച്ച കണ്ണദ്വിജൻ തുറക്കവേ—
ചെപ്പടിപ്പിരട്ടല്ല, പാതിരാക്കിനാവല്ല-
ത്തുൾപ്പിച്ച,ല്ലധ്യാസമ,ല്ലാശ്ചര്യമത്യാശ്ചര്യം!
ആർക്കുതാൻ കേട്ടാൽത്തോന്നും സത്യമായ്? —ത്രയീശീ
വാക്യങ്ങൾക്കാധാരമാം വൈകുണ്ഠൻ ജഗന്നാഥൻ(ർഷ-
കായാധവേഡ്യൻ മർത്ത്യപഞ്ചാസ്യൻ നിൽപൂമുന്നിൽ
നായാടിക്കിടാത്തന്റെ പൊട്ടപ്പുൽക്കെട്ടിൽത്തങ്ങി!!

39

അൻതീരെ സ്മരിക്കാത്ത വേടൻതൻ വാഗ്ദാനമ-
ദ്ഭ്രാന്തൻ തന്നുള്ളിൽപ്പൊന്തീ സ്നാതമാം ഹംസംപോലെ.

---

൩൮. അധ്യാസം=ഒന്നിങ്കൽ മററൊന്നിന്റെ അബാധമായ ആരോപണം. ത്രയീശീർഷം=വേദത്തിന്റെ ശിരസ്സ് (വേദാന്തം). കായാധവേഡ്യൻ കായാധവനാൽ (കയാധുവിന്റെ പുത്രനായ പ്രഹ്ലാദനാൽ) പോലും ഈഡ്യൻ(സ്തുത്യർഹൻ).

സ്തംഭവും രോമാഞ്ചവും സ്വേദവും നേത്രാംബുവും
ജൃംഭിച്ചു ശരീരത്തിൽ; പൂമൊട്ടായ്ക്കൂടീ കരം;
ഹൃൽഗതം വക്തവ്യമായ്ത്തീൎന്നീല, തീൎന്നാലതും
ഗദ്ഗദപ്രത്യൂഹത്താൽ കണ്ഠം വിട്ടുയൎന്നീല.
ആ രീതി വാചംയമൻ കൈക്കൊൾകെക്കാട്ടാളന്റെ
കാരിരുമ്പൊളിക്കായം കാഞ്ചനത്തിടമ്പായി.
ഇക്കാലം ഹീരപ്രായം; ഹീരകം താരപ്രായം;
താരകം സൂരപ്രായം; സൂരൻ ഹാ! ഹരിപ്രായൻ.
ആ മട്ടിൽ മാറീ മേനി ലുബ്ധകന്നവന്നപ്പോ-
ളാന്തരജ്യോതിസ്സുതാൻ ബാഹ്യവും സച്ചിന്മാത്രം

൫൦

ചാലവേ സംസാരമാം രാഹുവിൻ വക്ത്രം വിട്ട—
ച്ചാലനാ വ്യാധൻ മിന്നീ പാരിതിൻ ത്രയീതനു:

---

39. നരസിംഹത്തെപ്പിടിച്ചു് ഏല്പിക്കാമെന്നുള്ള വ്യാധന്റെ വാഗ്ദാനം. മുങ്ങിയ അന്നം പൊയ്കവിട്ടു പൊന്തുന്നതുപോലെ വിസ്മൃതമായ ആ വാഗ്ദാനം ദാന്തന്റെ സ്മൃതിപഥത്തിൽ ഉയൎന്നു. സ്തംഭം = സ്തബ്ധത (പകച്ചുള്ള നില). സ്വേദം വിയൎപ്പു്. ഹൃൽഗതം = ഉള്ളിൽ തോന്നിയതു്. ഗദ്ഗദം = തൊണ്ടയിടറൽ. പ്രത്യൂഹം = തടസ്സം വാചംയമൻ മുനി. സംസാരിക്കാൻ പാടില്ലാത്ത ആളാണല്ലോ അദ്ദേഹം. കരിക്കട്ട (പോലെയുള്ള ദേഹം) വൈരമായും, വൈരം നക്ഷത്രമായും, നക്ഷത്രം സൂൎയ്യനായും, സൂൎയ്യൻ മഹാവിഷ്ണുവായും പരിണമിക്കുന്നു. ആന്തരം = അന്തൎഭാഗത്തുള്ളതു്.

ശോഭനൻ വൈകുണ്ഠനെപ്പിന്നെയന്നൃപഞ്ചാസ്യ-
താപനീയശ്രുത്യന്തരത്നത്താൽ സ്തോത്രം ചെയ്താൻ.
അത്രനാൾ മണൽത്തിട്ടാം തദ്രസജ്ഞയിൽപ്പാത്തോ-
ള്ളിനം കൂലങ്കഷപ്രവാഹത്തിൽ സരസ്വതി.
ജ്ഞാനിയാമദ്ധന്യൻ തന്നുൽഗതിക്കുടൻവന്നൂ
വാനിൽ നിന്നത്യത്ഭുതം വൈഷ്ണവം മഹാരഥം.
"വത്സ! നീ മദ്ധാമത്തിൽ വാഴ്"കെന്നുചൊന്നാൻഭക്ത-
വത്സലൻ പ്രപന്നാർത്തിഭഞ്ജനൻ പത്മാധവൻ.
വിപ്രനോ "ടങ്ങേപ്പുണ്യമെൻ മോക്ഷ"മെന്നോതിനാ-
നപ്പുമാൻ കൃതജ്ഞനായപ്പുറം വിമാനസ്ഥൻ.

---

40. ത്രയീതനു=വേദമൂർത്തി (അത്ര പരിശുദ്ധനെന്നർത്ഥം) യായ സൂര്യൻ. നൃസിംഹതാപനീയമെന്ന ശ്രുത്യന്തം) ഉപനിഷത്തു്. ഇതു നരസിംഹസ്തുതിരൂപമായ ഒരു വിശിഷ്ടോപനിഷത്താകുന്നു. ഇതിനെ സനന്ദനന്റെ അഭ്യർത്ഥനയ്ക്കു കീഴ്പ്പെട്ടു ശങ്കരഭഗവൽപാദർ വ്യാഖ്യാനിച്ചതായി മേൽ പ്രസ്താവിക്കുന്നുണ്ടു്. വ്യാധന്റെ നിലപോയി ദിവ്യമംഗളവിഗ്രഹനായും നൃസിംഹതാപനീയാദ്യുപനിഷത്തുകളാൽ ഭഗവാനെ സ്തോത്രം ചെയ്യുന്നതിനു് അർഹനായും ആ ഭക്തൻ തീരുന്നു. തദ്രസജ്ഞ=അദ്ദേഹത്തിന്റെ നാക്കു് കൂലങ്കഷം=കരകൾ ഉടയ്ക്കുന്നതു്, സരസ്വതി=സരസ്വതീദേവി; നദിയെന്നും). ഉൽഗതി=മുകളിലേക്കുള്ള ഗമനം. ധാമം=ഗൃഹം. പ്രപന്നന്മാരുടെ ദുഃഖത്തെ ഭഞ്ജിക്കുന്നവൻ, ധവൻ=ഭർത്താവു്.

41

മഞ്ചവേ നേത്രം രണ്ടുമന്തണ പ്രവേകന്നു;
പുഞ്ചിരിക്കൊൾകെപ്പേത്തും പൂരുഷൻ പുരാതനൻ;
തൂകവേ ബാഷ്പം സൂമവ്യാജത്താൽപലാശികൾ;
പോകവേ കുറേ ദൂരം കൂടവേ പതത്രികൾ,
മാറവേ മാർഗ്ഗം വെടിഞ്ഞങ്ങിങ്ങു ജീമൂതങ്ങൾ;
പേറവേ കമ്പം മെയ്യിൽ നിർഭരം നക്ഷത്രങ്ങൾ,
വീഴ്ത്തവേ സുധാരസം പ്രീണനായ് ജൈവാതൃകൻ;
ചാത്തവേ തങ്കക്കതിർപ്പൂമാല്യം സഹസ്രാംശു;
നേടവേ തന്നായിരം കണ്ണിനും പുണ്യം ശക്ര,-
നാടവേ ഹർഷോന്മത്തരായിട്ടും ബ്രഹ്മർഷിമാർ;

---

41. അന്തണപ്രവേകൻ=ബ്രാഹ്മണശ്രേഷ്ഠൻ; പൂരുഷൻ പുരാതനൻ=പുരാണപുരുഷൻ (മഹാവിഷ്ണു). സൂമം=പൂവ്. പലാശി=വൃക്ഷം പതത്രികൾ=പക്ഷികൾ. ദേശാന്തരം പോകുന്നവനെ കുറെദ്ദൂരം അനുഗമിക്കേണ്ടതു സമീപസ്ഥന്മാരുടെ ധർമ്മമാണ്. ജീമൂതങ്ങൾ=മേഘങ്ങൾ. രഥത്തിനു വഴി മാറികൊടുക്കുന്നു. നിർഭരം=ഏററവും. നക്ഷത്രങ്ങളെക്കാൾ എത്രയോ അധികം തേജസ്സിയാണ് വിമാനസ്ഥനായ ഭക്തൻ. നക്ഷത്രങ്ങൾ സ്വതഃ പ്രഭാതങ്ങളാണല്ലോ. ജൈവാതൃകൻ=ചന്ദ്രൻ. സഹസ്രാംശു=സൂര്യൻ. മേഘമാർഗ്ഗം; താരാപഥം; ചന്ദ്രമണ്ഡലം; സൂര്യമണ്ഡലം; ദേവലോകം; ബ്രഹ്മർഷിമാരുടെ തപോലോകം; ബ്രഹ്മാവിന്റെ സത്യലോകം.—ഇവ കടന്നു സർവോപരിസ്ഥമായ വിഷ്ണുലോകത്തിലേക്കു രഥം പോയി.

 38728

നോക്കവേ വക്ത്രം പൊക്കിയാവോളം ചതുർമ്മുഖൻ;-
മേൽക്കുമേലുയരുന്നിതി തദ്ഗൃഹം വൈകുണ്ഠത്തിൽ.

42

വാരൊളിത്തനിത്തങ്കവർണ്ണമാ,ന്നാമൂലാഗ്രം
മേരുവിൻ ശൃംഗംപോലെ മിന്നുമാവനത്തെയും,
പ്രീതനായ് വരം നല്കാൻ പാണിപല്ലവംപൊക്കി-
ദ്യോതിക്കും നൃപഞ്ചാസ്യവിഗ്രഹൻ പുരാനെയും,
ചേണിൽക്കണ്ടാഗന്തുവിൻ പാദ്യാംബുവാകും മട്ടി-
ലാനന്ദബാഷ്പം വീഴ്ത്തി,യാദ്ധന്യൻ മഹീസുരൻ
സാഷ്ടാംഗം നമസ്കരിച്ചീടിനാൻ താൻ നാട്ടിനും
കാട്ടിനും സമ്രാട്ടെന്നു കാട്ടിടും വിരാട്ടിനെ.
ചിൽപുമാൻ പ്രമോദാശ്രുവ്യാജത്താൽ നേത്രങ്ങളാം
പുഷ്പവാന്മാരെക്കൊ,ണ്ടബ്ഭക്തൻതൻ മൂർദ്ധാവിങ്കൽ
ആകാശഗംഗാജലം വർഷിപ്പിച്ചരുൾ ചെയ്താ-
"നായുഷ്മൻ! പ്രസാദിച്ചേൻ, പോരും നിൻതപ"
[സ്സെന്നായ്.

൧൨. ശൃംഗം=കൊടുമുടി. ദ്യോതിക്കുക=ലസിക്കുക. സനന്ദന-ന്റെ ആനന്ദബാഷ്പം നരസിംഹമൂർത്തിയുടെ പാദങ്ങളിൽ പാദ്യജലമായി വീണു. വിരാട്ട് വിരാൾപുരുഷനായ വിഷ്ണു. പ്രമോദാശ്രു=ആനന്ദബാഷ്പം. പുഷ്പവാന്മാർ–ആദിത്യചന്ദ്രന്മാർ (ഭഗവാന്റെ വലത്തുകൺ ആദിത്യനും ഇടത്തുകൺ ചന്ദ്രനും).

൩൩

കാതിനാനന്ദമേററു കൈക്രൂപ്പിസ്സുനന്ദനൻ:
"വേദവേദാന്തൈകാന്തവേദ്യനാം വിശ്വാത്മാവേ!
ആദ്യന്തഹീനം, പൂൎണ്ണ,മത്ഭുതം, ശിവം, സച്ചി-
ദാനന്ദാകാരം, ശാന്ത, മദ്വൈതം, വിശ്വോത്തരം,
അക്ഷരം,തുൎയ്യാതീത,മാഗമോൽഗീതം, പ്രത്യ
ഗക്ഷസംലക്ഷ്യം, പ്രപഞ്ചാധാരം, പരാൽപരം;
"നേതി നേതി,യെന്നോതി ശ്രുത്യംബപോലും നീങ്ങും
താദൃശം ഭവദ്രൂപം, ധ്യാതൃധ്യേയൈകാത്മകം;
ശ്രീഹരേ! സുപഞ്ചാസ്യവിഗ്രഹം, സത്യം, ജഗ-
ന്മോഹനം, മുനിധ്യേയം, പ്രഹ്ളാദപ്രിയങ്കരം—
ശൎമ്മമെന്തിതിന്മീതേ?—കാണുന്നുവല്ലോ മുന്നിൽ-
ച്ചൎമ്മചക്ഷുസ്സാൽ,വെറും മൎത്ത്യകീടമാം ഞാനും!

---

4൭. അദ്വൈതം=ഏകം; രണ്ടല്ലാത്തതു്, 'നേഹ നാനാസ്തി കിഞ്ചന' എന്നു ശ്രുതി. വിശ്വോത്തരം=എല്ലാററിലും ശ്രേഷ്ഠം. അക്ഷരം=അനശ്വരം. തുൎയ്യം=നാലാമത്തെ അവസ്ഥ; അതിനപ്പുറമുള്ളതു്. ജാഗ്രൽസ്വപ്നസുഷുപ്തികൾ ആദ്യത്തെ മൂന്നവസ്ഥകൾ; അന്യപഹിതമായ ചൈതന്യം നാലാമത്തേ അവസ്ഥ. ആഗമോൽഗീതം-വേദങ്ങളാൽ ഗാനം ചെയ്യപ്പെട്ടതു്. പ്രത്യഗക്ഷസംലക്ഷ്യം=അന്തർദൃഷ്ടിയാൽ കാണത്തക്കതു്. നേതിനേതി=അല്ല അല്ല എന്നു്. ശ്രുത്യംബ-വേദരൂപിണിയായ മാതാവു്. ധ്യാനിക്കുന്നവനും ധ്യാനിക്കപ്പെടുന്നവനും ഒന്നായുള്ളതു്. ശൎമ്മം=സൌഖ്യം. ചൎമ്മചക്ഷുസ്സ്-മാംസമയമായ സാധാരണനേത്രം. മൎത്ത്യകീടം=മനുഷ്യപ്പുഴു.

ഹോമകുണ്ഡാഗ്നിക്കകം തേടിനേൻ ഭവാനെ ഞാ-
നാ മരുൽസഖൻ ചൊല്ലീ തല്ലൌല്യം ജിഹ്വാഗ്രത്താൽ;
ക്ഷേത്രത്തിന്നുള്ളിൽച്ചെന്നു നോക്കിനേൻ; ഏതോ ദേവൻ
മാത്രമായതെൻമുന്നിലങ്ങയെദ്ദർശിപ്പിച്ചു;
തീർത്ഥത്തിൽ സ്നാനം ചെയ്തേൻ; ആവതല്ലന്തഃശ്ശുദ്ധി
ചേർത്തിടാനെന്നസ്ഥലം കണ്ണീർവാർത്തെന്നോടോതി.
വ്യോമത്തെയുൽഗ്രീവനായ് വീക്ഷിച്ചേൻ; താരങ്ങളെൻ-
ഭീമമാം മൌഢ്യം കണ്ടു സാവജ്ഞസ്മിതം തൂകി.
പട്ടണം ചുററിപ്പാർത്തേൻ; അങ്ങു ഞാൻ കണ്ടേൻ ലോകർ
മററതോ ഹിരണ്യാഖ്യമൂർത്തിയെബ്ഭജിപ്പതായ്.

---

44. മരുൽസഖൻ=വായുവിൻെറ സഖാവ്=അഗ്നി; (മരുത്തുകൾ) ദേവന്മാരുടെ കൂട്ടുകാരനെന്നും. ദേവന്മാരുടെ സ്ഥാനം (ലോലം) ചഞ്ചലമാണെന്നു് (പുണ്യക്ഷയത്തിൽ അവരും അധഃപതിക്കുമെന്നു്) അഗ്നി ലോലമായ ജിഹ്വാഗ്രംകൊണ്ടു പറഞ്ഞു. ഒരു ആരാധനപ്രിയനായ സാമാന്യദേവനായി മാത്രമേ ഞാൻ ക്ഷേത്രത്തിൽ അങ്ങയെ കണ്ടുള്ളു. തീർത്ഥത്തിലെ വെള്ളം അന്തരംഗശുദ്ധി നല്കുവാൻ പര്യാപ്തമല്ലെന്നു പറഞ്ഞുകൊണ്ടു് ആ സ്ഥലം വാർക്കുന്ന കണ്ണുനീർപോലെ എനിക്കുതോന്നി. വ്യോമം=ആകാശം. ഉൽഗ്രീവൻ= കഴുത്തുയർത്തിയവൻ. സാവജ്ഞം = അവജ്ഞയോടുകൂടിയതു്. അത്രദൂരെ സർവേശ്വരനെ അന്വേഷിക്കേണ്ടെന്നുസാരം. ഹിരണ്യാഖ്യമൂർത്തി=സ്വർണ്ണമായ ദേ ത, വേറിട്ടൊരു ഹിരണ്യകശിപു എന്നും) വിരഞ്ഞു്=വേഗത്തിൽ വം സംസാരശ്

പിമ്പു ഞാൻ പോന്നേൻ പിരം,ഞ്ഞിക്കാട്ടിൽത്തിര-
]ഞ്ഞുകൊ-
ണ്ടെൻ ഭവവ്യാധിക്കന്തമേകേണ്ടും ദിവ്യൌഷധം.

45

താവകം സാക്ഷാൽകാരം ഹന്ത! ഞാനാശിച്ചല്ലോ;
ദേവഗോഷ്ഠിയിൽപ്പാടാൻ ദർദ്ദുരം കൊതിച്ചല്ലോ!
തന്നെത്താനറിഞ്ഞിടാനാവാതൊരിബ്ബാലകൻ
തന്നഹങ്കാരം—ധാർഷ്ട്യം—സ്വാമിയും പൊറുത്തല്ലോ!
അല്ലെങ്കിൽ ഭൃഗുക്കഴൽപ്പാടെഴും മാറുള്ളങ്ങേ-
ച്ചൊല്ലെഴും കൃപോദ്രേകമാർക്കുതാൻ പുകഴ്ത്താവൂ?
വേട്ടുവക്കിടാത്തനാം ചാത്തനെപ്പോലും ഭവാൻ
കൂട്ടോടെ ഭവൽപുണ്യലോകത്തിൽക്കയററവെ,
ഭക്തിതൻ പാരമ്യത്തെപ്പാരിതിൽ പ്രതിഷ്ഠിച്ചു;
മുക്തിതന്നദ്ധ്വാവാർക്കും ഗമ്യമെന്നുൽഘോഷിച്ചു.
അക്കാഴ്ച കണ്ടൊന്നാദ്യമത്ഭുതപ്പെട്ടേൻ ഞാ,ന-
ദൃഷ്ടകൃതം ഹർഷാശ്രുവാൽ ക്ഷാളിച്ചേൻ പിറേറക്ഷണം.

45. ഗോഷ്ഠി=സഭ. ദർദ്ദുരം=തവള. ധാർഷ്ട്യം=തോന്ന്യാസം. ഭൃഗുമഹർഷി ഉത്തമനായ ദേവൻ ആരെന്നു പരീക്ഷിക്കുവാൻ മഹാ

46

തമ്പുരാനങ്ങോ! ഞങ്ങൾ തീണ്ടാളായ്നിനച്ചോന്റെ
സമ്പക്കം പരിത്യാജ്യമായതി,ല്ലതു പോരാ;
ഹാ! കനിഞ്ഞത്രയ്ക്കുമേൽത്താഴവാൻ തോന്നീ നേടാൻ
വൈകുണ്ഠാലങ്കാരാർഹമാകുമാമഹാരത്നം!
അങ്ങയാൽ ദത്താലംബരായിട്ടും ഭക്തശ്രേഷ്ഠ-
രങ്ങേമ്പ് ഭൂനതാങ്ഗിയാലാകൃഷ്ടരാകുന്നീല,
മായയാൽ മോഹിപ്പീല; ലക്ഷ്മിയാൽ മദിപ്പീല;
പോയി പോയെന്നേയ്ക്കുമായ് നീഡംവിട്ടപ്പക്ഷികൾ.
അപുനഃപാതസ്പർശ,മവർതൻ സമുൽക്കർഷ-
മപുനന്നിദ്രാഗന്ധ,മവർതൻ പ്രജാഗരം.
ആത്തരം പദത്തിങ്കലല്ലയോ ചേർത്തു ഭവാൻ
ചാത്തനെ?ബ്ഭവദ്ദയാദേവിക്കെന്നാരാധനം.

---

വിഷ്ണുവിൻെറ മാറത്തു ചവിട്ടിയ കഥ ശ്രീമത്ഭാഗവതം ദശമസ്കന്ധം എൺപത്തൊൻപതാമദ്ധ്യായത്തിലുണ്ടു്. ഉദ്രേകം = ആധിക്യം. അധ്വാവു് = മാർഗ്ഗം. ഗമ്യം = സഞ്ചരിക്കത്തക്കതു്. അതു കണ്ടു് ഞാൻ ആദ്യം അത്ഭുതപ്പെട്ടു. ആ (ദുഷ്കൃതം) പാപം ഉടൻതന്നെ ആനന്ദബാഷ്പം കൊണ്ടു കഴുകിക്കളയുകയും ചെയ്തു.

46. സമ്പർക്കം = ചേർച്ച. വൈകുണ്ഠ (വിഷ്ണുലോക) ത്തിന്നു അലങ്കാരയോഗ്യമായ ആ മഹാരത്നം, ദത്താലംബർ = നൽകപ്പെട്ട അവലംബത്തോടുകൂടിയവർ. ഭൂനതാങ്ഗി = ഭൂമിയാകുന്ന സുന്ദരി. നതാങ്ഗി = നതമായ അംഗത്തോടുകൂടിയവൾ, താണവൾ എന്നുകൂടി അർത്ഥം.

47

രൂപഹീനനാമങ്ങേയ്ക്കോരോ മെയ് കല്പിക്കുന്നു;
നാമഹീനനാമങ്ങേയ്ക്കോരോ പേർ കുറിക്കുന്നു;
സർവവ്യാപിയാമങ്ങേയ്ക്കാലയം നിർമ്മിക്കുന്നു;
സർവാന്തഃസ്ഥനാമങ്ങേ സ്വാഭീഷ്ടം കേൾപ്പിക്കുന്നു;
ചിത്താതീതനാമങ്ങേച്ചിത്തത്താൽ ധ്യാനിക്കുന്നു;
ബുദ്ധ്യതീതനാമങ്ങേബ്ബുദ്ധിയാൽത്തിരക്കുന്നു;
അബ്ധിശായിയെക്കുംഭവാരിയാൽ നീരാട്ടുന്നു;
ശബ്ദകാണ്ഡാലക്ഷ്യനെ സ്തോത്രത്താൽപ്പുകഴ്ത്തുന്നു;
വക്ഷഃസ്ഥലക്ഷ്മീകനെബ്ഭൂഷയാൽ മിനുക്കുന്നു;
കുക്ഷിസ്ഥബ്രഹ്മാണ്ഡനെക്കൊട്ടണച്ചോറൂട്ടുന്നു;
അപ്പുറം തനിക്കില്ല കെല്പെന്നിച്ചടങ്ങോത്തു-
മല്പനാം നരനങ്ങാരാധ്യനമ്മാർഗ്ഗത്തിൽ.

---

നീഡം=കൂട്. അവർക്കു പിന്നീടു സംസാരബന്ധമില്ല. അപുനഃപാതസ്പർശം=പിന്നീടു പതനത്തിൻെറ സ്പർശമേ ഇല്ലാത്തതു്. അപുനന്നിദ്രാഗന്ധം=പിന്നീടു നിദ്രയുടെ ഗന്ധമേയില്ലാത്തതു്. പ്രജാഗരം=വഴിപോലെയുള്ള ഉണർച്ച. ഞാൻ അങ്ങയുടെ മയയാകുന്ന ദേവിയെ ആരാധിക്കുന്നു.

7. സർവാന്തഃസ്ഥനാകയാൽ എല്ലാവരുടേയും അഭീഷ്ടമെന്തെന്നു് അവിടത്തേക്കു് അറിയാം. അബ്ധിശായി ക്ഷീരസമുദ്രത്തിൽ ശയിക്കുന്നവൻ. കുംഭവാരി=കുടത്തിലെ വെള്ളം. ശബ്ദങ്ങളാകുന്ന കാണ്ഡങ്ങൾക്കു് (അമ്പുകൾക്കു്). ശബ്ദകാണ്ഡം ശബ്ദസമൂഹമെന്നും അർത്ഥം. അലക്ഷ്യൻ ലാക്കാകാത്തവൻ. വക്ഷസ്സിൽ ലക്ഷ്മീ

48

ആരു ഞാനെൻ പ്രസ്ഥാനമെങ്ങുനി, ന്നേതററം
[പോയ്-
ച്ചേരണം, കത്തവ്യമെ, ന്തൊന്നുമേ ധരിക്കാത്തോൻ.
ഞാൻ പഠിച്ചതാം ശാസ്ത്രസംഹതിക്കെല്ലാമെന്നെ-
സ്സാമ്പ്രീതം കുഴക്കുവാൻ മാത്രമേ മിടുക്കുള്ളൂ.
സൃഷ്ടിതൻ രഹസ്യങ്ങൾ മത്ത്യർതൻക്ഷുദ്രപ്രജ്ഞാ-
മുഷ്ടിയാൽ മേയങ്ങളല്ലെന്നിവയ്യെല്ലാമത്ഥം!
എങ്കിലും കാണാതെ ഞാൻ കാണുവോനങ്ങേതന്നെ-
യെങ്കലും ചരാചരദ്രവ്യങ്ങളെല്ലാററിലും;
ഉമ്മവച്ചുറക്കത്തിലോമനിക്കുന്നുണ്ടെന്നെ-
യമ്മയും പിതാവുമാമങ്ങെന്നും ധരിപ്പവൻ.
ഞാനൊന്നില്ലുണത്തുവാ, നങ്ങേക്കിട്ടാസന്നെന്തു-
വേണമെന്നറിഞ്ഞിടാം; വേണ്ടതൊക്കെയും നല്കാം".

---

യോടും കുക്ഷിയിൽ ബ്രഹ്മാണ്ഡത്തോടും കൂടിയവൻ. കൊട്ടണച്ചോറ് = തവിടുകളയാത്ത ഉണക്കച്ചോറ്. സാധാരണന്മാരുടെ അന്തരത്തിലുള്ള ആരാധനവും അങ്ങ് അംഗീകരിക്കുന്നു.

48. പ്രസ്ഥാനം = പുറപ്പാട്. കത്തവ്യം ചെയ്യേണ്ടതു്. സംഹതി കൂട്ടം, ക്ഷുദ്രപ്രജ്ഞാമുഷ്ടി നിസ്സാരമായ ബുദ്ധിയുടെ പിടി, മേയങ്ങൾ = അളക്കത്തക്കവ.

49

ഓതിനാൻ തപസ്വിയോടച്യുതൻ വാക്കു കൃപാ-
മേദുരം ത്രയീശീർഷക്ഷീരാബ്ധിദേവാമൃതം:
"വത്സ! നീ ജയിക്കുന്നു ഭക്തികൊണ്ടെനിക്കുള്ളി-
ലുത്സവം നിവർത്തിച്ച നിൻ ദൂതൻ നിഷാദനാൽ.
ജ്ഞാനവാൻ ധ്യാനത്തിനായ്ത്തേടിപ്പോമേകാന്തമാം
കാനനം നിൻ— അല്ലല്ലെൻ ചാത്തൻതൻ ജന്മസ്ഥലം.
നിഷ്കാമം, നിഷ്കല്മഷം, തത്തപസ്സത്യത്ഭുതം;
തൽകാര്യമന്യോദ്ദിഷ്ടം; തദ്വ്രതം ജഗത്ത്രാണം.
തന്നൃകൈങ്കര്യാസക്തിപാരതന്ത്ര്യാകൃഷ്ടനായ്
വന്നു ഞാൻ നിന്നെക്കാണ്മാൻ,നിന്നിഷ്ടം ഫലിക്കുവാൻ.
ആ മഹായോഗിക്കു ഞാനക്രീതദാസൻ താദൃക്-
പ്രേമശൃംഖലാബന്ധം പ്രേഷ്ഠംതാൻ മുക്ത്യംബയ്ക്കും.

---

49 മേദുരം തടിച്ചതു് (നിറഞ്ഞതു്). വേദാന്തമാകുന്ന പാലാഴി കടഞ്ഞെടുത്ത ദേവാമൃതം; വേദാന്തസാരമെന്നതാൽപര്യം. അന്യോദ്ദിഷ്ടം= പരനെ ഉദ്ദേശിച്ചതു്. ജഗത്ത്രാണം ലോകരക്ഷ. അദ്ദേഹത്തിൻെറ മനുഷ്യർക്കു് കൈങ്കര്യം ചെയ്യുന്നതിലുള്ള ആസക്തിയുടെ പാരതന്ത്ര്യമാണു് എന്നെ ആകർഷിച്ചതു്: അക്രീതദാസൻ വിലയ്ക്കുവാങ്ങാതെ ദാസ്യവൃത്തിചെയ്യുന്നവൻ. അത്തരത്തിൽ പ്രേമശൃംഖലകൊണ്ടുള്ളബന്ധനംമുക്ത്യംബ (മോക്ഷാഭിമാനിദേവത)യ്ക്കുപോലും ഏററവും പ്രിയമാണു്.

KOTTAYAM PUBLIC LIBRARY
KOTTAYAM

50

ഹന്ത! നിൻതീണ്ടലാരെൻ ബ്രഹ്മാണ്ഡോദരത്തിങ്കൽ?
സന്തതം പരസ്പരാകർഷണം സാധാരണം
എൻകരം നിർമ്മിച്ചതാണിച്ചരാചരവ്യൂഹ-
മെൻഗൃഹം പാർത്താലിവയ്ക്കേതിന്നുമന്തർഭാഗം.
എൻകൈയുമെൻഗേഹവും തൊട്ടുപോരാ ഞാനും—തീണ്ട-
മെങ്കിലെൻ സൃഷ്ടികൾക്കുണ്ടു തീണ്ടൽ; ഇല്ലതില്ലെങ്കിൽ.
എന്നെത്തന്നുള്ളംവിട്ടു തള്ളുവോൻ; വെളിക്കു ഞാൻ
നിന്നിടാൻ പുറവും ഹിംസകൾക്കോട്ട കെട്ടുന്നവൻ;—
താൻ ദുഷ്ടൻ സഗർഭ്യരെ 'ദുഷ്ട'രെന്നാക്രോശിപ്പു,
ഭ്രാന്തുള്ളോൻ മറ്റുള്ളോരെ ഭ്രാന്തരെന്നോതുംപോലെ.
വൃത്തവും ഗ്രാഹ്യത്യാജ്യഭേദത്തെക്കല്പിപ്പീല;
സദ്വൃത്തൻ സമാരാധ്യൻ; ദുർവൃത്തനുദ്ധർത്തവ്യൻ.

---

50. ഉദരം അന്തർഭാഗം (എല്ലാം ഒരേ കുക്ഷിക്കകത്തുള്ളതാകയാൽ അത്രമാത്രം അന്യോന്യം സംബന്ധപ്പെട്ടതെന്നു ദ്യോതിപ്പിക്കുന്നു). എല്ലാവസ്തുക്കളും എല്ലാവസ്തുക്കളേയും അന്യോന്യം ആകർഷിക്കുന്നതു സാധാരണമാണു്. അന്തർഭാഗം = ഇവിടെ ഹൃദയമെന്നർത്ഥം. ഗേഹം = ഗൃഹം (ആ ഹൃദയം) ദുഷ്ടർ=ദുഷിച്ചവർ. ജന്മത്താലല്ല വൃത്തത്താലാകുന്നു വാസ്തവത്തിൽ ഗ്രാഹ്യത്യാജ്യഭേദം കല്പിക്കേണ്ടതു് എന്നുപോലും ഞാൻ സമ്മതിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ സദ്വൃത്തനെ മനുഷ്യൻ ആരാധിക്കുകയും ദുർവൃത്തനെ ഉദ്ധരിക്കുകയും ചെയ്യണമല്ലോ, അപ്പോൾ ഇവരിൽ ആരെയാണു് അവനു ദൂരീകരിക്കാവുന്നതു്?

## 51

ഞാനാരെന്നറിഞ്ഞുവോ നീ നന്നായ്? ഭൂദേവിയെൻ
ചേർന്നാളും പുരന്ധ്രിയാം; മർത്ത്യരെന്നപത്യങ്ങൾ.
പിച്ചെനിക്കില്ലെൻ തലയ്ക്കൊരുമേ തണ്ണീരാടാൻ;
കൊച്ചുപെൺകുഞ്ഞല്ല ഞാൻ പണ്ടത്താൽ മെയ്
[മൂടുവാൻ;
ധൂപത്തിൻ ധൂമത്തിലെൻ നേത്രങ്ങൾ മങ്ങുന്നില്ല;
ദീപത്താൽ പ്രദീപ്തിയമ്മാർത്താണ്ഡചന്ദ്രർക്കില്ല;
ചക്രമില്ലാത്തോനല്ല പാദോപഹാരം പററാൻ;
കുക്ഷിതിക്ഷിത്തല്ലം ഭ്രൂകുടിപ്പാഞ്ഞാൽക്കോപിക്കുവാൻ;
ഊട്ടിടേണ്ടുന്നൊന്നസ്സുധാജന്മഭൂവാമെൻ ഗൃഹം;
വാഴ്ത്തേണ്ട രണ്ടായിരം നാവുള്ളോരെൻ തല്പവും.
വാർദ്ധുഷ്യം കൊതിച്ചുകൊ,ണ്ടർച്ചനം നിക്ഷേപിക്കും
സ്വാർത്ഥത്തിൻ പേരേടില്ലെൻ വ്യാപാരക്കണക്കിങ്കൽ.

---

51. പുരന്ധ്രി = ഗേഹസ്ഥജനങ്ങളെ പോററുന്ന പത്നി. അപത്യങ്ങൾ = മക്കൾ. ധൂമം = പുക. ചക്രധരനാണല്ലോ ഭഗവാൻ. പാദോപഹാരം = പാദകാണിക്ക. കുക്ഷിതിക്ഷിത്ത് = ദുഷ്ടനായ രാജാവ്. സുധാജന്മഭൂവ് = അമൃതത്തിൻെറ ഉൽപത്തിസ്ഥാനം. എൻഗൃഹം ഇവിടെ ക്ഷീരസാഗരം. വാർദ്ധുഷ്യം = പലിശ. അർച്ചനം = പൂജ, സ്വാർത്ഥതൽപരന്മാർ എനിക്ക് അഭിഷേകം മുതലായി ഏതെല്ലാം വിധത്തിലുള്ള ആരാധനകൾ നടത്തിയാലും അവകൊണ്ടു ഞാൻ വാസ്തവത്തിൽ പ്രസാദിക്കുന്നില്ലെന്നു സാരം.

52

ക്ഷേത്രമേതാദ്ധ്യർക്കുമെൻ സ്വാർത്ഥമാകുന്നീല
പ്പോത്തും തൽപ്രയോജനം സൂക്ഷ്മമായ് ഗ്രഹിക്കാഞ്ഞാൽ.
അങ്ങെഴും ബിംബത്തിങ്കൽക്കണ്ടിടാം ഭക്തർക്കെന്നെ-
ബ്ഭജ്ജമററരുന്ധതീദർശനന്യായത്തിങ്കൽ.
പഞ്ജരത്തിങ്കൽപ്പെട്ടും കീരവൃം കോട്ടയ്ക്കുള്ളിൽ-
ത്തഞ്ചിട്ടും രാജാവുമ,ല്ലീശ്വരൻ ക്ഷേത്രാന്തഃസ്ഥൻ.
ആ ക്ഷേത്രം ബ്രഹ്മാണ്ഡമാ,യാബ്ബിംബംവിശ്വാത്മാവായ്
വീക്ഷിപ്പാൻവേണ്ടും വിശാലാക്ഷിയെന്നുണ്ടാകുന്നു;
അന്നു താൻ മദർച്ചകൻ മമ്മജ്ഞൻ നരൻ;ന്നുന-
മന്നുതാൻ ദീപാത്താമദ്വിതൃകിൻ പുംസ്സ്പാദയം.
ഭാവശ്ശുദ്ധി താൻ ശുദ്ധി;മൺപാത്രം തീർത്ഥം പേറാം,
സൌവർണ്ണപാത്രം തുപ്പൽക്കോളാമ്പിയായും തീരാം.

52. ആഢ്യർ അഭിജാതന്മാർ. അരുന്ധതീദർശനന്യായം= സൂക്ഷ്മമായ അരുന്ധതീനക്ഷത്രത്തെ കാണിക്കുവാൻ ഇച്ഛിക്കുന്നവർ അതിനടുത്തു സ്ഥൂലമായ മറെറാരു നക്ഷത്രത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് അതാണ് അരുന്ധതി എന്നു ആദ്യമായി പറകയും അല്ലെന്ന് ഉറപ്പിച്ചുകൊണ്ടു പിന്നീട് സാക്ഷാൽ അരുന്ധതിയെ കാണിക്കുകയും ചെയ്യുന്നു; അതുപോലെ പ്രതിമയെ ദേവനായി നാം ആദ്യം കാണുക

53

ക്ഷേത്രമൊന്നെന്നേക്കുമായ്ത്തീർത്തിട്ടുണ്ടേവർക്കും ഞാൻ—
പേർത്തുമെൻ ലീലാരത്നമണ്ഡപം ഭൂമണ്ഡലം.
സൂര്യാദിദീപങ്ങളാൽ ദീപ്തമായ്; ഭൂഭൃൽക്കൂട-
സ്തൂപികാശതങ്ങളാൽ വ്യോമത്തെച്ചുംബിപ്പതായ്;
നീലാംബുവാഹങ്ങളാൽ സിക്തമായ്; ദ്വിജോത്തംസ-
ജാലത്തിൻ ഗാനങ്ങളാൽ സഞ്ജാതമൌഖര്യമായ്;
സാദ്ധ്വിമാർ പയസ്വിനീദേവിമാർ ചരിപ്പതായ്;
സ്തോത്രത്താൽ ഗംഭീരമാം സാഗരം സ്തുതിപ്പതായ്;
ഭൂരുഹവ്രാതം ഫലം നേദിക്കുന്നതായ്; ച്ചാരു-
വീരുത്തിൻ വ്രജം പുത്തൻ പൂക്കളാൽപ്പൂജിപ്പതായ്.
ആ ക്ഷേത്രം, വിശങ്കടം, ശോഭനം, സമ്പൂർണ്ണ,മ-
ങ്ങാസ്തംബ, മാകല്പാന്ത, മാരാലുമാരാദ്ധ്യൻ ഞാൻ.

---

യും ക്രമേണ ഉപാസനാബലത്താൽ തദനന്തരം ദേവനെത്തന്നെ ദർശിക്കുകയും ചെയ്യുന്നു. മദർച്ച=എന്റെ അർച്ചനം. ദ്വിപാത്തായ തിര്യക്ക്=ഇരുകാലി മൃഗം. പുംസ്ത്വം=മനുഷ്യനാകുക എന്നുള്ളതു്. സൌവർണ്ണപാത്രം=സ്വർണ്ണപാത്രം.

53 മേൽ പ്രസ്താവിക്കുവാൻ പോകുന്ന ലോകസേവയുടെ മാഹാത്മ്യത്തിന് ഉപോൽഘാതമാകുന്നു ഈ കാവ്യഖണ്ഡിക. എന്റെ ലീലകളുടെ രത്നമണ്ഡപമാകുന്നു ഈ ഭൂമി. സൂര്യൻ തുടങ്ങിയ വിളക്കുകൾ. ഭൂഭൃൽക്കൂടങ്ങൾ=പർവതങ്ങളുടെ കൊടുമുടികൾ. ദ്വിജോത്തംസങ്ങൾ=വ

## 54

.. എന്നിലിച്ചരാചരം സർവ്വവും കാണുംപോലെ-
യെന്നെയിച്ചരാചരം സർവ്വത്തിങ്കലും കാണ്മോൻ
ദിവ്യദൃ,ക്കെന്നെത്തൊഴാൻ തേടേണ്ടും സ്ഥലം പാരിൽ
ഭവ്യത്തിന്നസ്പൃശ്യരാം പാവങ്ങളെങ്ങ,ങ്ങങ്ങാം
ദീനൻമേലവൻ വീഴ്ത്തും കണ്ണീരിലാണെൻ സ്നാനം;
ദീനൻമേൽത്തൂകും സ്മിതം ദീപമെൻ പുരഃസ്ഥിതം;
ദീനൻതൻ മലർന്നതാം കൈക്കുമ്പിളാണെൻ വഞ്ചി;
ദീനൻതൻ ക്ഷുത്താററിടും ധർമ്മാന്നമെൻ നൈവേദ്യം;
ദീനൻതൻ കാതില്പെടും സാന്ത്വവാക്കാണെൻസ്തോത്രം;
ദീനനെസ്സേവിപ്പതാണെൻ സേവ,മററൊന്നല്ല.
ഭൂതകാരുണ്യം താനെൻ പൂർണ്ണമാമാരാധനം;
സാധുവിൻ സന്തർപ്പണം സായുജ്യലാഭോപായം.

---

ജിഷ്ണുപക്ഷികൾ. മൌഖര്യം= ശബ്ദായമാനത. സാധ്വിമാർ= പതിവ്രതമാർ (സമുദ്രത്തെത്തന്നെ ഭർത്താവായി സ്വീകരിക്കുന്നവ), പയസ്വിനി–നദി. ഭൂരുഹവ്രാതം=വൃക്ഷക്കൂട്ടം, വിശങ്കടം=വിസ്തൃതം. ശോഭനം= സുന്ദരം. സ്വച്ഛന്ദം നിർബാധം, ആസ്തംബം=പുൽക്കൊടിവരെയും. ആകല്പാന്തം കല്പാന്തകാലംവരെ,

54. അത്തരത്തിലുള്ളവനാകുന്ന (ദിവ്യദൃക്ക്) ദിവ്യദൃഷ്ടിയോടുകൂടിയവൻ, ഭവ്യം കുശലം. അസ്പൃശ്യർ=തൊടുവാൻ പാടില്ലാത്തവർ. പുരഃസ്ഥിതം=മുൻപിൽ ഇരിക്കുന്നതു്. വഞ്ചി=വഞ്ചിക. സന്തർപ്പണം വഴിപോലെയുള്ള തൃപ്തിപ്പെടുത്തൽ,

55

ക്ഷുൽക്രശന്നന്നേകിയും, നഗ്നനെപ്പുതപ്പിച്ചും,
ദുഃഖിയെത്തോഷിപ്പിച്ചും, രോഗിയെ ശുശ്രൂഷിച്ചും,
ആപത്തിൽപ്പെട്ടുന്നോനെയാശ്വസിപ്പിച്ചും, താണു
കൂപത്തിൽക്കിടപ്പോനെക്കൈകൊടുത്തുയർത്തിയും,
അന്ന്യർതൻ സ്മിതച്ചില്ലിൽത്തൻസുഖംനിരീക്ഷിച്ചു-
മന്ന്യർതൻ ഹർഷാശ്രുമുത്താത്മവിത്തമായ്പ്പൂണ്ടും,
ഹൃത്തിലും ചക്ഷുസ്സിലും വാക്കിലും കർമ്മത്തിലും
ശുദ്ധമാം പ്രേമത്തിൻെറ സാന്നിദ്ധ്യം കാട്ടിക്കാട്ടി;
ലോകത്തെക്കുടുംബമായ് ജ്ജീവിയെസ്സോദര്യനായ്;
ദേഹത്തെപ്പരാർത്ഥമാം യജ്ഞത്തിൻ സാമഗ്രിയായ്;
ഏവനോ കല്പിച്ചെൻെറ വേലയിൽപ്പങ്കാളിയായ്
മേവിടാനൊപ്പോ,നവനെന്നും ഞാൻ വശംവദൻ.

55 ക്ഷുൽക്കൃശൻ=വിശപ്പിനാൽ മെലിഞ്ഞവൻ. സ്മിതച്ചില്ല്=പുഞ്ചിരിയാകുന്ന കണ്ണാടി (സ്മിതത്തിൻെറ കണികയെന്നും) ആനന്ദബാഷ്പമാകുന്ന മുത്ത്. ശുദ്ധം സ്വാർത്ഥദുഷ്ടമല്ലാത്തത്. വശംവദൻ=അധീനൻ.

## 56

സത്യത്തിൽജ്ജഗത്തു ഞാൻസംപൂർണ്ണമായിത്തീർത്താൽ
കൃത്യമെന്തെനിക്കെന്നോ ചെയ്യുവാൻവേറിട്ടുള്ളൂ;
ലാക്കെന്ന്യേ ലയിച്ചുപോമെന്നിലെന്നിച്ഛാശക്തി;
ദീർഘനിദ്രാധീനനായ്ത്തീരുമെൻദയാസഖി;
ആകയാലെൻ സൃഷ്ടി ഞാനിമ്മട്ടിൽ നിവർത്തിച്ചേൻ;
ലോകത്തിന്നപൂർണ്ണത്വമാണതിന്നന്തസ്സാരം.
എൻധർമ്മം ഞാൻ തീർത്തോരീവിശ്വത്തിന്നുൽക്കർഷണം;
സന്തതം ഞാനാക്രീഡാസൌധത്തിൻ സമ്മാർജ്ജകൻ.
മർത്ത്യനെ പ്രജ്ഞാശാലിയാക്കി ഞാൻ നിർമ്മിച്ചേനി-
ക്കൃത്യത്തിലവനെത്തുണച്ചാത്മനിഷ്ക്രയം നേടാൻ.
എൻകരം സർവാദ്ധ്യക്ഷസ്ഥാനത്തിൽപ്പുലർത്തുവോ-
നെൻകിടാവെന്നാ,ലവനെൻകൃത്യം തൽകർത്തവ്യം.

---

56. ലാക്ക് = ലക്ഷ്യം. എനിക്കു ഇച്ഛിക്കുവാൻ ഒന്നുമുണ്ടായിരിക്കുകയില്ല. ദയയും ദീർഘനിദ്രയെ പ്രാപിക്കും. ഉൽകർഷണം ഉയർത്തൽ എന്റെ ക്രീഡയ്ക്കായി ഞാൻ തീർത്തിട്ടുള്ള ആ മാളിക ഞാൻ എന്നും (സമ്മാർജ്ജനം ചെയ്യുന്നു) തൂത്തുവൃത്തിയാക്കുന്നു. തോട്ടിയുടെ വേലയും നികൃഷ്ടമല്ലെന്നു ഇതു കാണിക്കുന്നു. ആത്മനിഷ്ക്രയം = തന്റെ നിഷ്കൃതി. ഞാൻ സർവാധ്യക്ഷസ്ഥാനത്തിൽ വാഴിക്കുന്ന എന്റെ പുത്രനാണു മനുഷ്യൻ എന്നു സമ്മതിക്കാമെങ്കിൽ എന്റെ കൃത്യം തന്നെയാണ് അവൻ അനുഷ്ഠിക്കേണ്ടതും എന്നു സിദ്ധമാകുന്നു.

57

പ്രേമം താൻ പ്രപഞ്ചത്തിൻ ശ്രേഷ്ഠമാം ജീവാധാരം;
പ്രേമത്തിന്നഭാവത്തിൽ ബ്രഹ്മാണ്ഡം നിശ്ചേതനം;
പ്രേമത്താലെൻ ഭൂദേവി പോററുന്നു തന്മക്കളേ;
പ്രേമത്താൽ വിയത്തിങ്കൽ മിന്നുന്നു താരാവലി;
പ്രേമത്താൽ ബാഷ്പോദകം വാർക്കുന്നു വലാഹകം;
പ്രേമത്താൽ മൃദുസ്മിതം തൂകുന്നു പൂങ്കാവനം;
പ്രേമത്താൽ വീശീടുന്നു ഗന്ധവാൻ മന്ദാനിലൻ;
പ്രേമത്താൽപ്പൊഴിക്കുന്നു കോകിലം ഗാനാമൃതം;
പ്രേമത്തിലാണെൻവാസം; പേർത്തുമപ്പരാർദ്ധ്യമാം
ധാമത്തെപ്പാലാഴിയെന്നോതുന്നു കാവ്യാധ്വഗർ.
പ്രേമത്തിൻബിന്ദുക്കളെ ഞാൻ കർഷണം ചെയ്യുന്നത-
ധീമാന്മാർ വർണ്ണിക്കുന്നു പാൽ, വെണ്ണ, തൈരെന്നെല്ലാം.

---

57 അഭാവം=ഇല്ലായ്മ. ദീപാവലി=ഇവിടെ സൂര്യാദിഗോളങ്ങളും നക്ഷത്രങ്ങളും. ബാഷ്പോദകം=ഇവിടെ മഴ, വലാഹകം=മേഘം. മൃദുസ്മിതം=ഇവിടെ പുഷ്പരൂപത്തിലുള്ളതു് കോകിലം കുയിൽ. പരാർദ്ധ്യം ശ്രേഷ്ഠം. കാവ്യാധ്വഗർ=കാവ്യാധ്വാവിൽ സഞ്ചരിക്കുന്നവർ (കവികൾ).

5

പുണ്യകല്മഷങ്ങളെപ്പൂർണ്ണമായ്ത്തിരിച്ചറിഞ്ഞൊ-
ന്നെൻ നരാപത്യങ്ങൾക്കു കാട്ടുന്നുണ്ടെല്ലായ്പൊഴും.
യാതൊന്നാൽ പരോൽകർഷം സാധിക്കാമതേപുണ്യം;
യാതൊന്നിൻ ഫലം മറിച്ചായേക്കാമതേ പാപം.
ധർമ്മമേ പുണ്യാവാപായമാകയാൽ സേവ്യം;വേണം
ധർമ്മത്തിൽച്ചരിക്കുവാൻ പ്രേമത്തിൻ പ്രചോദനം.
ഈ മന്നിൽപ്പുമർത്ഥദ്രു,ധർമ്മമൂലാർത്ഥസ്കന്ധ-
കാമശാഖമായ്, മോക്ഷസസ്യമായ്, വിളങ്ങുന്നു.
മുൻപിൽ,ത്താൻ ചുവട്ടിങ്കൽ വീഴ്ത്തിടും ജലംവേണം
പിൻപാക്കും ഫലോൽകരം കൊമ്പത്തുകെട്ടിത്തൂക്കാൻ.
സ്വാർത്ഥത്തീവച്ചാൽ വെന്തുവെണ്ണീറാം; പ്രമോദകം
വീഴ്ത്തുകിൽത്തളിർത്തുവാച്ചമ്മരം പൂക്കും കായ്ക്കും.

---

5. കല്മഷം-പാപം. നരാപത്യങ്ങൾ=മനുഷ്യരാകുന്ന കിടാങ്ങൾ. പരോൽകർഷം-അന്യന്റെ ഉൽകർഷം. പ്രചോദനം=പ്രകർഷേണയുള്ള ആജ്ഞ. പുമർത്ഥദ്രു-പുരുഷാർത്ഥമാകുന്ന വൃക്ഷം. അതിന്റെ മൂലം ധർമ്മവും, സ്കന്ധം (തടി) അർത്ഥവും, ശാഖ കാമവും, സസ്യം (ഫലം) മോക്ഷവുമാണ്. ധർമ്മത്തെ സേചനം ചെയ്താൽ മോക്ഷം ലഭിക്കും. മൂലത്തിൽ സ്വാർത്ഥമാകുന്ന തീ വയ്ക്കരുത്. പ്രേമമാകുന്ന വെള്ളംവേണം ഒഴിക്കുവാൻ.

59

ഞാനധഃസ്ഥിതശ്രേഷ്ഠനെൻഗേഹമേററം നിമ്നം;
ആനമെൻഭക്താഗ്ര്യനാം പ്രഹ്ളാദൻ പാതാളസ്ഥൻ;
മീനകച്ഛപസ്തബ്ധരോമാക്കളായിപ്പണ്ടേ
ഞാദനെൻെറ തിര്യക്പ്രേമം വ്യക്തമായ് ക്കാട്ടീടിനേൻ.
എൻെറയിന്നു പഞ്ചാസ്യരൂപത്തിന്നുദ്ദേശവും
തൻതാഴെത്തിരിക്കുന്നു മാനുഷൻ ധരിക്കായ്വാൻ.
എൻവർണ്ണം സാധുക്കൾതൻ കാർവർണ്ണം; എന്നെ-
[പ്പേർത്തു
മനാഹാ തലോടുന്നു ശുഭ്രനാം ദുഗ്ദ്ധോദധി;
ആനന്ദിച്ചെന്നെത്തൻെറ മാർത്തട്ടിൽ കിടത്തുന്നു
ചേണെഴും ധാവള്യത്തിൻ കേന്ദ്രമാം ഭോഗീശ്വരൻ.
എൻകാലിൻ രജസ്സിൽനിന്നുത്ഭവംനേടീടുന്നു
ഗംഗാഖ്യകൈക്കൊണ്ടിടും പുണ്യയാം സ്രോതസ്വിനി.

---

൫൯. പാലാഴി ഏററവും (നിമ്നം) താഴ്ചയുള്ളതാണല്ലോ. കച്ഛപം=ആമ. സ്തബ്ധരോമാവ്—വരാഹം നരസിംഹാവതാരത്തിൽ നരാംശം താഴെയും തിര്യഗംശം മുകളിലുമാണല്ലോ പ്രകാശിക്കുന്നതു്. ശുഭ്രൻ—വെളുത്തവൻ. (അഴുക്കില്ലാത്തതു് എന്നും). ഭോഗീശ്വരൻ—സർപ്പരാജാവ്; അനന്തൻ (ഭോഗവന്മാരിൽ ശ്രേഷ്ഠനെന്നും). രജസ്സ്=പൊടി. സ്രോതസ്വിനി—നദി.

KOTTAYAM PUBLIC LIBRARY KOTTAYAM

60

അൻപോട്ടമെന്നിള്ളിതാ വ്യക്തമായ് ഞാൻ കാട്ടീടിനേ-
ന്നെൻപൂർണ്ണാവതാരമാം ശ്രീകൃഷ്ണജന്മത്തിങ്കൽ.
ജാതനായ്ത്തുറുങ്കൊന്നിൽച്ചങ്ങലക്കിലുക്കത്തെ-
ഗ്ഗീതമായ്ക്കേട്ടങ്ങുനിന്നാമ്പാടിക്കകം പൂകി,
കേവലം ഗോപാലനായെൻ ബാല്യം കഴിച്ചേൻ ഞാ-
നാ ത്തും വിപത്തുകൾക്കാദ്യന്തം ലക്ഷ്മീഭൃതൻ.
ഇല്ലെനിക്കാററിൻമണൽത്തിട്ടെന്യേ വെൺമാടവും;
പൊള്ളയാം മുളങ്കമ്പിൻ തുണ്ടെന്യേ വിപഞ്ചിയും.
സന്മാർഗ്ഗസഞ്ചാരത്തിൽ ശക്രൻതന്നമർഷവും
ബ്രഹ്മാവിന്നഹന്തയും ക്ഷുദ്രമായ്ഗ്ഗണിച്ചേൻ ഞാൻ;
ആദരാൽ മയിൽപ്പീലി മൂർദ്ധാവിൽ ധരിച്ചൊപ്പ-
മേതുവർണ്ണവും മന്നിൽ മാന്യമെന്നുൽഘോഷിച്ചേൻ.

---

60. വിപഞ്ചി-വീണ. വേണുവാണല്ലോ ഭഗവാന്റെ വിപഞ്ചി. അമർഷം=കോപം. അഹന്ത അഹങ്കാരം. ഗോവർദ്ധനയാഗവും വത്സസ്തേയവും ഇവിടെ സൂചിപ്പിച്ചിരിക്കുന്നു. ദൈവത്തെ മനുഷ്യൻ പൌരുഷംകൊണ്ടു ജയിക്കാമെന്നു് ഉപദേശിക്കുന്നു. ഞാൻ മയിൽപ്പീലി ശിരസ്സിൽ ധരിച്ചതു് എല്ലാവർണ്ണങ്ങളും ലോകത്തിൽ ഒന്നുപോലെ മാന്യങ്ങളെന്നു കാണിക്കുവാനാണു്.

61

ആക്കചേലാഭിഖ്യനാം നിസ്സ്വൻതൻ ചങ്ങാതി ഞാൻ;
ശീഘ്രമായ് ത്രിവക്രതൻ കൂനെല്ലാം നിവിർത്തവൻ;
തേർതെളിച്ചവൻ പോരിൽ സൂതനാ,യാഗന്തുവിൻ
പാദത്തെ ക്ഷാളിച്ചവൻ ദാസനായ് മഖത്തിങ്കൽ;
സമ്രാട്ടിൻ ക്ഷണം ക്ഷണം ത്യാജ്യമായ് കല്പിച്ചുകൊ-
ണ്ടുണ്മാനായ് രാവിൽപ്പോയോൻ ക്ഷത്താവിൻഗൃഹം
[തേടി;
ഓന്തിനെക്കൂപത്തിൽനിന്നുദ്ധരിച്ചവൻ; ദൂന-
സ്വാന്തയായ് ക്കേഴും സ്ത്രീതൻ മാനത്തെപ്പാലിച്ചവൻ;
പ്രൌഢർതൻ പാർശ്വത്തിങ്കൽച്ചേരാതെയാടൽപ്പെട്ടു
നാടുവിട്ടോടിപ്പോയ ദീനനെത്തുണച്ചവൻ;—
ഞാനെന്റെ സർവാർത്ഥവും ത്യാഗംചെയ്തല്ലോ നേടീ
താനോർത്തനുയർച്ചയാൽ ധർമ്മത്തിൻ സംസ്ഥാപനം.

---

61. അഭിഖ്യ=നാമധേയം. നിസ്സ്വൻ-ദരിദ്രൻ. മഖം-യാഗം (ധർമ്മപുത്രരുടെ രാജസൂയം): ക്ഷത്താവ്-ദാസിയുടെ പുത്രൻ(വിദുരൻ) ഓന്ത്-ഇവിടെ നൃഗൻ. സ്ത്രീ-ഇവിടെ പാഞ്ചാലി. ദീനൻ ഇവിടെ യുധിഷ്ഠിരൻ.

62

പോരാഞ്ഞി,ട്ടന്നക്കുരുക്ഷേത്രത്തിൽ ശസ്ത്രാജീവർ
പോരാടാൻ സന്നദ്ധരായ് കോദണ്ഡം കുലയ്ക്കവേ;
ഭീമമാം ജ്യാഘോഷത്തിൻ ജൃംഭണം ദൂരസ്ഥമാം
വ്യോമത്തിൻ രന്ധ്രത്തിലും മൌഖര്യം വായ്പിക്കവേ;
ഭാരതാം ഘോരാജിയാം മാരണപ്പിശാചിന്നു
ഭൈരവപ്പാഴ്ക്കൂത്തരങ്ങാകുവാൻ ഭാവിക്കവേ;
ലോഹിതസ്രോതസ്വിനീപാണിപീഡനത്തിന്നു
സാഗരം കാപ്പുംകെട്ടിസജ്ജനായ് ച്ചാഞ്ചാടവേ;
മർത്ത്യർതൻ ദുഃഖത്തിനും തൽപ്രാണഗ്രാസോദ്യതൻ
മൃത്യുവിൻ ദർപ്പത്തിനും ശൈഥില്യം വരുംമട്ടിൽ,
കൃഷ്ണൻ ഞാ,നെൻ ചങ്ങാതിയർജ്ജുനൻതൻകണ്ണത്തിൽ
ശ്ലക്ഷ്ണമാമെൻ സന്ദേശമോതിനേൻ ഗീതാഭിധം.

62. ശസ്ത്രാജീവർ=ഭടന്മാർ. കോദണ്ഡം=വില്ല്. ഘോരാജി ഘോരമായ യുദ്ധം. (ലോഹിതം) രക്തമാകുന്ന നദിയുടെ (പാണിപീഡനം) വിവാഹത്തിന്. തൽപ്രാണഗ്രാസോദ്യതൻ=അവരുടെ പ്രാണങ്ങളെ ഗ്രസിക്കുന്നതിന് ഉദ്യതൻ സന്നദ്ധൻ). കൃഷ്ണൻ (കറുത്തവൻ എന്നും) അർജ്ജുനൻ (വെളുത്തവൻ എന്നും) ശ്ലക്ഷ്ണം—മൃദു (സൂക്ഷ്മമെന്നും.

63

ഒന്നേ ഞാനോതീട്ടുള്ളു ഗീതയിൽ പ്രധാനമാ-
യെന്നേയ്ക്കും നരന്നതേ താരകംമഹാമന്ത്രം.
യോഗസ്ഥനായിച്ചെയ്ക കർമ്മം നീ സംഗംവിട്ടു;
യോഗമോ ലാഭാലാഭതുല്യദർശനം മാത്രം.
കർമ്മങ്ങൾ ചെയ്യേ പററൂ മർത്ത്യന്നു യാവജ്ജീവം;
കർമ്മത്തിൻ ലക്ഷ്യം രണ്ടാം സ്വാർത്ഥവും പരാർത്ഥവും.
സ്വാർത്ഥത്തെ ലാക്കാക്കിയാൽ സംഗപങ്കിലം കർമ്മം;
സ്വാർത്ഥമൊന്നററാലററൂ ഷഡ്വർഗ്ഗം യോഗാപഹം.
ആകയാൽപ്പരാർത്ഥമായ്ക്കർമ്മം ഞാൻചെയ്‌വാൻ
[ചൊന്നേൻ;
ലോകത്തിൻ പുരോഗതിക്കില്ലല്ലോ മാർഗ്ഗം വേറേ.
താണോർതൻ സമുൽക്കർഷമൊന്നിനാൽ വേണം പൊ-
വാനോളം, ധരാതലം പാതാളപാതാശങ്കി. [ങ്ങാൻ

63. താരകം—(സംസാരസമുദ്രം) തരണം ചെയ്യിക്കുന്നതു്. ലാഭത്തേയും നഷ്ടത്തേയും ഒന്നുപോലെ ദർശിക്കുക. യാവജ്ജീവം—ജീവിതകാലം മുഴുവൻ. യോഗാപഹം യോഗത്തെ നശിപ്പിക്കുന്നതു്. പുരോഗതി മുന്നോട്ടുള്ള യാത്ര. പാതാശങ്കി=പാതാളത്തിൽ പതിക്കുമെന്ന ആശങ്കയോടുകൂടിയതു്.

64

ചിന്തിക്കാം കിഞ്ചിജ്ഞർ ഞാൻ പ്രേമാത്മാവെന്നാൽ [ച്ചോടി-
ച്ചെന്തിനായ് ഹിരണ്യനെക്കൊന്നതെന്നിഗ്ഘട്ടത്തിൽ.
ആകവേ നിശാന്തത്തിൽ ധ്വാന്തത്തെധ്വംസിപ്പീലേ
ലോകത്തിന്നുൽബോധനം നൽകുവാൻ വിഭാവസു?
പാഴ്ത്തൃണം കുദ്ദാലത്താൽ ഭഞ്ജനംചെയ്യുന്നീലേ
ക്ഷേത്രത്തെസ്സസ്യാഢ്യമായ്ത്തീർക്കുവാൻ കൃഷീവലൻ?
ധർമ്മത്തിൻ സംസ്ഥാപനം സാദ്ധ്യമ,ല്ലധർമ്മത്തിൻ
മർമ്മത്തെബ്ഭേദിക്കാതെ ലൌകികവ്യാപാരത്തിൽ.
അത്തത്വം വെളിപ്പെടാൻ "ദാനവാന്തകൻ" ഞാനെ-
ന്നർത്ഥവാദാകാരത്തിലോതുന്നു പൌരാണികർ.
ഒപ്പമായ് നല്കുന്നു ഞാൻ ഭക്തനും ദ്വേഷ്ടാവിനും
മൽപദം; പ്രേമത്തിനെന്തപ്പുറം ലക്ഷ്യം വേണ്ടൂ?

---

64. കിഞ്ചിജ്ഞർ—സ്വല്പം അറിവുള്ളർ. നിശാന്തം—രാത്രിയുടെ അവസാനം; പുലർവേള. വിഭാവസു=സൂര്യൻ. ദാനവാന്തകൻ=അസുരന്മാർക്കു കാലൻ. ദ്വേഷ്ടാവ്—ശത്രു.

65

വേദമെന്നുച്ഛ്വാസമായ് വീക്ഷിക്കും വിദ്യാവൃദ്ധ-
രേതുമെന്നന്ത്യോച്ഛ്വാസമല്ലതെന്നോക്കുന്നീല.
ചാലവേ തന്നിത്യോപബൃംഹണം നിന്നിദ്രൻ ഞാൻ
കാലദേശാവസ്ഥാനുരൂപമായ് സാധിക്കുന്നു.
ബാലൻതന്നാഹാരവും വസ്ത്രവും യുവാവിന്നു
ശീലിപ്പാനാവില്ലെന്നു കാണ്മീലേ കൗടുംബികൻ?
സ്പഷ്ടമെൻശിഷ്ടോച്ഛ്വാസമെൻ ശേഷനന്നന്നുള്ള
ശിഷ്ടർ തൻ രണ്ടായിരംജിഹ്വാമാലുദ്ഘോഷിപ്പൂ.
ലോകത്തിൻ ക്രമോന്നതിക്കൊപ്പമായ് സ്ഫുടിക്കുന്ന-
താഗമം, വിടിത്തൂന്നു വേദം ഞാനാകല്പാന്തം.
കണ്ടിടാം നിർബാധമായക്കാഴ്ച്ചയാക്കും,കണ്ണിൽ-
ത്തൊണ്ടിനെപ്പരിപ്പാക്കിത്തോന്നിക്കും രോഗംവിട്ടാൽ.

---

65. വേദം ഈശ്വരൻെറ ഉച്ഛ്വാസിതമെന്നു ശ്രുതി. അതു് ഒടുവിലത്തെ ഉച്ഛ്വാസിതമല്ലെന്നും അതിന്നും ഉപബൃംഹണമുണ്ടെന്നും പ്രമാണങ്ങൾ ഘോഷിക്കുന്നു. കൗടുംബികൻ-കുടുംബത്തിൻെറ നായകൻ. എൻെറ പിന്നീടുള്ള ഉച്ഛ്വാസം ആദിശേഷൻ അന്നന്നുള്ളശിഷ്ടന്മാരുടെ പരസ്സഹസ്രംനാക്കുകൾവഴിപ്രസിദ്ധപ്പെടുത്തുന്നു. അന്നന്നുള്ള ശിഷ്ടന്മാരുടെ വിധി - വേദോപബൃംഹണമാണെന്നു താൽപര്യം. ഇതിഹാസപുരാണാഭ്യാം വേദം സമുപബൃംഹയേൽ, എന്നും മററുമുള്ള വാക്യങ്ങൾ ഈ തത്വത്തെ അടിസ്ഥാനമാക്കിയുണ്ടായിട്ടുള്ളതാകുന്നു. തൊണ്ടിനേയും പരിപ്പിനേയും (നിസ്സാരത്തേയും സാരത്തേയും) വേർതിരിക്കുവാൻഗ്രഹിച്ചാൽ മതി.

൬൬

എന്തിനായിങ്ങനെയെന്നെത്തേടി നീ, സദാ ഞാൻ നിൻ
സ്വന്തമാം ശരീരാഖ്യക്ഷേത്രത്തിൽ സ്ഫുരിക്കവേ?
എന്തിനാ ക്കൊടുങ്കാട്ടിൽ പോന്നു നീ, നിൻ സോദര്യ-
ബന്ധം താൻ നിർവാണത്തിൻ ബീജമെന്നോർമ്മിക്കാതെ?
എന്തിനായ് ച്ചടപ്പിച്ചു വിഗ്രഹം, നിന്നാത്മാവിൻ
ബന്ധുവാണതെന്നുള്ള തത്വത്തെഗ്രഹിക്കാതെ?
എന്തിനായ് സ്ഥൂണാചാരം കൈക്കൊണ്ടു, നിന്നങ്ഗങ്ങൾ
സന്തതം ലോകോദ്ധൃതിക്കുള്ളതായ് ധരിക്കാതെ.
എന്തിനായ് "ഞാൻ ഞാൻ" എന്നു ഗർജ്ജിച്ചു,
[കർത്താവു ഞാൻ
ഹന്ത! നീ നിമിത്ത,മെന്നുള്ളുകൊണ്ടുറയ്ക്കാതെ?
ഞാനൊരാൾക്കെന്ന്യേ, പാർപ്പാനെൻഗേഹം പര്യാപ്തമോ?
ഞാനും ഹാ! നീയും കൂടിയങ്ങെത്താനധ്വാവുണ്ടോ?

---

66. നിൻ്റെ സഹോദരന്മാരായ ഇതരമനുഷ്യരുമായുള്ള ബന്ധമാണ് മോക്ഷത്തിനു ഹേതു. സ്ഥൂണാചാരം=തൂണിൻ്റെ ധർമ്മം; നിശ്ചേഷ്ടമായുള്ള നില. പര്യാപ്തം=മതിയായതു്. നീ ഞാനായാലേ എൻ ഗൃഹത്തിലെത്താനും അവിടെ താമസിക്കാനും തരമുള്ളു.

67

പാർത്തിടാം നിനക്കിപ്പോൾ സ്പഷ്ടമായ് നിന്നുൾക്കണ്ണാൽ-
ച്ചാത്തനും നിനക്കുമുള്ളന്തരം വിസൃതതരം.
നിൻപേരിന്നുപായമായെൻ വരം കാംക്ഷിച്ചു നീ;
നിൻപേരിൽ പ്രേമാർദ്രനായെൻ ചാത്തനെന്നെത്തേടി.
ആമയോദർക്കം ഭക്ഷ്യമല്ലജ്ഞൻ നീയാശിച്ചു;
സാമരസ്യാന്നം വ്യാധൻ സന്തതം സൌഹിത്യദം,
നിർണ്ണയം പൂജിച്ചിടും പുഷ്പത്തിൻ പുറത്തുള്ള
വർണ്ണമ,ല്ലന്തഃസ്ഥമാം ഗന്ധമാണെനിക്കിഷ്ടം.
വേദശാസ്ത്രാശ്മങ്ങൾതൻ പീഡനത്തിനാൽ മാത്ര-
മെത്തുമേ ഗളിപ്പതല്ലെൻ കൃപാസുധാബിന്ദു.
ഭക്തിയാൽ സമ്പ്രാപ്യൻ ഞാ,നാബ്രഹ്മമാചണ്ഡാലം;
ഭക്തിയോ പരാർത്ഥമാം ജീവിതം മദർപ്പിതം.

---

67. വിസൃതതരം=വിസ്തീർണ്ണം. നിൻപേരു്=നിന്റെ യശസ്സ്. ആമയോദർക്കം=രോഗമാകുന്ന ദുഷ്ഫലത്തോടുകൂടിയതു്. സാമരസ്യാന്നം=സമരസഭാവമാകുന്ന അന്നം. സൌഹിത്യദം=തൃപ്തിയെ നല്കുന്നതു്. അശ്മങ്ങൾ=പാറക്കല്ലുകൾ. പീഡനം=പിഴിച്ചിൽ. മദർപ്പിതം=എനിക്കു് അർപ്പിക്കപ്പെട്ടതു്.

68

പോയിടാം നിനക്കിനി സ്വസ്ഥനായ്; ജീവന്മുക്ത-
നായി നീ; ഭവാദൃശന്മാരാൽത്താൻ ലോകോദ്ധൃതി;
സിദ്ധനാണെന്നാലും നീ തേടണം നിൻമേന്മയ്ക്കൊ-
രദ്വൈതജ്ഞാനോപദേശാർഹനാമാചാര്യനെ.
ഉണ്ടൊരാളമ്മട്ടിൽ നിൻ ഭാഗ്യത്താലിപ്പോൾജ്ജഗൽ-
ബന്ധുവായ്, സർവജ്ഞനായ്, ത്യാഗിയായ്, മഹാ
ത്മാവായ്;
കേരളം—കേരങ്ങൾതൻ കേദാരം—കേശാന്തത്തിൽ
ഭാരതോർവിയാൾ ചാർത്തും പൌഷ്പമാം
പരിഷ്കാരം;—
ആ നാട്ടിൻ സന്താനമാം ശങ്കരൻ മഹായോഗി
വാനാററിൻതടത്തിങ്കൽ—കാശിയിൽ തപംചെയ്വൂ.
അങ്ങുപോയ് തച്ഛിഷ്യനായ് വർദ്ധിക്ക മേന്മേൽ;
[എന്നെ-
യെങ്ങു നീ വിളിച്ചാലുമുണ്ടു ഞാനുടൻ മുന്നിൽ."

---

68. ഭവാദൃശന്മാർ—നിന്നെപ്പോലെയുള്ളവർ. നിനക്ക് അദ്വൈതജ്ഞാനം ഉപദേശിക്കുവാൻ യോഗ്യനായ ഒരാൾ. സർവജ്ഞൻ= എല്ലാമറിഞ്ഞവൻ. ശങ്കരാചാര്യർ പിന്നീട് സർവജ്ഞപീഠാരൂഢനായതോടുകൂടി അദ്ദേഹത്തെ സർവജ്ഞന്റെ (ശിവന്റെ) അവതാരമായി ഗണിച്ചുവരുന്നു. കേദാരം വിളഭൂമി. കേശാന്തം തലമുടിയുടെ തുമ്പ്; തെക്കേ

69

എന്നുരച്ചാനന്ദാശ്രുധാരയാൽ വീണ്ടും പരി-
ക്ലിന്നനാം തപസ്വിയെ,ത്തൻ പാണി രണ്ടുംപൊക്കി
പ്രീതിപൂർണ്ണനനുഗ്രഹി,ച്ചെത്തിനാൻ സ്വധാമത്തിൽ
വ്യാധൻതൻ വിയോഗാർത്തി തീർത്തിടാൻ നൃകേസരി.
ദേവൻതൻ കൃപാമൃതം പിന്നെയും രണ്ടക്ഷിയും
ദേവൻതൻ വാക്യാമൃതം ശ്രോത്രവും പാനം ചെയ്കേ,
ആപ്താപ്യൻ, ജ്ഞാതജ്ഞേയ,നമ്മഹാൻ നിന്നാൻ,
വിശ്വ-
ഗോപ്താവിൻ തിരോധാനം ലേശവും ധരിക്കാതെ.
ആഹ്വാനം ചെയ്താൽ വരാമെന്നോതി ദേവൻ;ചററു-
മാഹ്വാനത്രമംവിട്ടു ദേവനെക്കണ്ടാൻ ഭക്തൻ.
ആ നവ്യപ്രഹ്ലാദനു ലോകത്തിൽപ്പിന്നീടെല്ലാ-
മാനന്ദ, മത്യാനന്ദ, മാത്യന്തം ബ്രഹ്മാനന്ദം.

---

അററമില്ലാത്ത പൂക്കനാൽയുണ്ടായ നാടാണല്ലോ കേരളം. പൈഷ്പം=പു ഷ്പമയം; അത്രയും കോമളമെന്നർത്ഥം. പരിഷ്കാരം—അലങ്കാരം. വാനാറ്=ഗാംഗം.

69. പരിക്ലിന്നൻ=മുഴുവൻ നനഞ്ഞവൻ.സ്വധാമം=തന്റെ സ്ഥാനം, വൈകുണ്ഠം. ആപ്താപ്യൻ=പ്രാപിക്കേണ്ടതു് പ്രാപിച്ചവൻ. ജ്ഞാതജ്ഞേയൻ—അറിയേണ്ടതു അറിഞ്ഞവൻ. വിശ്വഗോപ്താവു്=വിശ്വത്തെ രക്ഷിക്കുന്നവൻ. തിരോധാനം—അന്തർദ്ധാനം, ആഹ്വാനം—വിളി.

70.

ധന്യനായ്, കൃത്യാകൃത്യവേത്താവാ, യതിക്കിൽനി-
ന്നന്യനായ് സനന്ദനൻ തൻ നാട്ടിൽത്തിരിച്ചെത്തി,
കാശിയിൽ ശ്രീശങ്കരസ്വാമിതന്നന്തേവാസ-
മാചരിച്ചദ്വൈതികൾക്കഗ്രഗണ്യനായ്ത്തീർന്നാൻ;
ഉത്തമമററാചാര്യനിൽ ഭക്തിഭാക്കായിപ്പിന്നെ-
പ്പത്മപാദാഭിഖ്യയാൽപ്പാരെങ്ങും പ്രകാശിച്ചാൻ;
ശോഭനൻ തൻദേശികൻ മൂലമായ് നൃപഞ്ചാസ്യ-
താപനീയശ്രുത്യന്തഭാഷ്യത്തെ നിർവർത്തിച്ചാൻ;
ശിക്ഷകന്നായ് തൽപ്രാണനമ്മൂർത്തിപ്രസാദത്താൽ
ദക്ഷിണീകരിച്ചു തന്നാനൃണ്യമാപാദിച്ചാൻ;
ജന്മാന്തകാലത്തിങ്കൽദ്ദിവ്യനായ്, സ്സാക്ഷാൽകൃത-
ബ്രഹ്മാവായ്, സ്സച്ചിദ്രൂപസായുജ്യം സമ്പ്രാപിച്ചാൻ.

---

70. വേത്താവ് = അറിയുന്നവൻ. അന്യൻ—മറെറാരുത്തൻ; അത്ര മേൽ മാററം വന്നവനെന്നു സാരം. അന്തേവാസം—ശിഷ്യഭാവം. പത്മപാദാഭിഖ്യയുടെ ആഗമം മുൻപു പ്രസ്താവിച്ചുവല്ലോ. ശിക്ഷകൻ = ആചാര്യൻ. ദക്ഷിണീകരിക്കുക ദക്ഷിണയാക്കിച്ചെയ്യുക. ആനൃണ്യം—കടം തീർക്കൽ. ആപാദിക്കുക = നേടുക. ഒരു കാപാലികൻ ശങ്കരാചാര്യർതൻെറ ശിരസ്സു ദാനം ചെയ്യുകയും ആ ഭിക്ഷ വാങ്ങുവാൻ വന്നാഘാതകനെ സനന്ദനൻ നരസിംഹസ്വാമിയെക്കൊണ്ടു വധിപ്പിക്കുകയും ചെയ്തതായി ശങ്കരവിജയത്തിൽ ഉപാഖ്യാനമുണ്ടു. ജന്മാന്തം = മരണം.

# ശുദ്ധിപത്രം

| പുറം | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| ൨ | ൧൪ | സ്ലാഢ്യം | ശ്ലാഘ്യം |
| ൧൩ | ൨൩ | യോഗ | യോഗി |
| ൧൪ | ൧൩ | വല്ക്കക | വല്ക്കകം |
| ൧൯ | ൧൦ | ശ്ലിക്ക്യ | ശ്ലിക്ഷ്യ |
| ൨൨ | ൯ | വോതീ | വോതി |
| ൩൦ | ൧൯ | പുണ്ഡരിക | പുണ്ഡരീക |
| ൩൨ | ൩ | തൻവീണ | താൻവീണ |
| .... | ൮ | ത്രാമ | ത്രാമം |
| ൪൦ | ൧൨ | മിപ്പെ | മാപ്പെ |
| ൪൨ | ൧൨ | ലനം | ലന്നം |
| ൪൩ | ൧൩ | പനാഷ | പനിഷ |
| ൪൪ | ൧൬ | തേജസി | തേജസ്വി |
| .... | ൧൫ | തങ്ങ | തരളങ്ങ |
| ൪൬ | ൧൩ | നന്നോ | നാനാം |
| ൪൮ | ൬ | ഖാതെ | ഖാതേ |
| ൫൨ | ൮ | തര | തര് |
| ൫൫ | ൫ | പങ്ങെ | പങ്ങ |
| .... | ൨൦ | =വ | =വി |
| ൬൨ | ൬ | നാളം | നാവളം |
| .... | ൧൫ | സൂപി | സൂചി |
| ൭ | ൧൭ | ശ്രേ | ശ്ല |
| ൬ | ൬ | സ്വാത്മ | സ്വാത്മ് |
| ൯൪ | ൧൪ | ഉരേശി | ഉപദേശി |
| ൯൨ | ൧൮ | ഗാഗം | ഗങ്ഗ |

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* MALU *Acc. No.* 38728

This book should be returned on or before the date last stamped below.

30 DEC 1969
7 MAY 1980
12 JAN 1983
9 FEB 1983
26 JUL 1983
7 DEC 1986
5 JAN 1999

38728

Cl. No. MA10 Acc. No 38728

AUTHOR

പരമേശ്വരയ്യർ ഉള്ളൂർ എസ്

TITLE

MA10 38728

പരമേശ്വരയ്യർ ഉള്ളൂർ എസ്

(ഭക്തി) ദീപിക

# മഹാകവി ഉള്ളൂരിൻെറ ചില ഇതര കൃതികൾ.

| | | Rs. | nP. |
|---|---|---|---|
| ഉമാകേരളം | ... | 3 | 50 |
| പിംഗള | ... | 1 | 50 |
| കർണ്ണഭൂഷണം | ... | 1 | [illegible] |
| ത[illegible]ഗിണി | ... | 1 | [illegible] |
| താരഹാരം | ... | 1 | 50 |
| കിരണാവലി | ... | 1 | 50 |
| രത്നമാല | ... | 1 | 50 |
| അമൃതധാര | ... | 1 | 50 |
| ഹൃദയകൌമുദി | ... | 1 | 50 |
| കല്പശാഖി | ... | 2 | 00 |
| തപ്തഹൃദയം | ... | 1 | 50 |
| ചൈത്രപ്രഭാവം | ... | 0 | 30 |
| ചിത്രോദയം | ... | [illegible] | [illegible]7 |
| ശരണോപഹാരം | ... | 0 | 37 |
| ചിത്രശാല | ... | 1 | 25 |
| അരുണോദയം | ... | 1 | 50 |

അപേക്ഷിക്കേണ്ടും മേൽവിലാസം:—

ഉള്ളൂർ പ[illegible]ഷേർസ്,

[illegible]തി, തിരുവനന്തപുരം.